KANDANAD
DIOCESAN
BULLETIN
A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 4, 15 April 2014

എഡിറ്റോറിയൽ

# മരിച്ചവരുടെ കരുത്ത്

2014 മാർച്ച് 20-ലെ വർത്തമാനപ്പത്രങ്ങളുടെ ഒരു മുൻപുറവാർത്ത കണ്ട് ഞെട്ടാത്തവർ ചുരുക്കമാണ്. ഏറ്റവുമധികം ആത്മഹത്യകൾ നടക്കുന്ന സംസ്ഥാനമാണ് കേരളമെങ്കിൽ പോലും മിക്കവരുടേയും നെഞ്ചകം നൊന്തു. പ്രൊഫ. ടി.ജെ. ജോസഫിന്റെ ഭാര്യ ശലോമി സ്വയം ജീവനൊടുക്കിയ സംഭവമായിരുന്നു വാർത്തയായത്. അയൽവക്കത്തു നടന്ന ഒരു ദുരന്തമെന്ന നിലയിൽ ഇതിനോടു പ്രതികരിക്കേണ്ട കടപ്പാട് ഡയോസിസൻ ബുള്ളറ്റിൻ തിരിച്ചറിയുന്നു.

സംഭവപശ്ചാത്തലം എല്ലാവർക്കുമറിയാം. തൊടുപുഴ ന്യൂമാൻ കോളേജിലെ മലയാളം പ്രൊഫസറായിരുന്ന ടി.ജെ. ജോസഫ്, ബി.കോം. രണ്ടാം വർഷ വിദ്യാർത്ഥികളുടെ ഇന്റേണൽ പരീക്ഷക്കായി തയ്യാറാക്കിയ ചോദ്യക്കടലാസിൽ ചിഹ്നനം ചെയ്യാൻ ഒരു ചോദ്യമുണ്ടായിരുന്നു. അതിനു നൽകിയ ഗദ്യഭാഗത്ത് 'മഹമ്മദ്' എന്ന പേര് അദ്ദേഹം സ്വന്തമായി കൂട്ടിച്ചേർത്തു. അത് പ്രവാചകനായ മുഹമ്മദ് നബിയെ അവഹേളിക്കുന്നതിനുവേണ്ടി മനഃപൂർവ്വം തിരുകി കയറ്റിയതാണെന്ന് മുസ്ലീം മതതീവ്രവാദികൾ വ്യാഖ്യാനിച്ചു. അവർ പ്രൊഫ. ജോസഫിനും കോളേജധികൃതർക്കുമെതിരെ ഭീഷണി മുഴക്കി പ്രതികാരം ചെയ്യുമെന്നു പ്രഖ്യാപിച്ചു. കുറെ കഴിഞ്ഞ് 2010 ജൂലായ് നാലിന്, അദ്ദേഹം കുടുംബസമേതം പള്ളിയിൽപോയി മൂവാറ്റുപുഴ ഹോസ്റ്റൽ പടിയിലുള്ള ഭവനത്തിൽ മടങ്ങിയെത്തുമ്പോൾ വീട്ടുപടിക്കൽ തടഞ്ഞു നിർത്തി കുറേപേർ അദ്ദേഹത്തെ വലിച്ചുപുറത്തിട്ട്, ഭാര്യയും വൃദ്ധമാതാവും സഹോദരിയുമെല്ലാം നിസ്സഹായരായി നോക്കിനിൽക്കേ വലതുകൈപ്പത്തി വെട്ടിമാറ്റി അടുത്ത പുരയിടത്തിലേക്ക് എറിഞ്ഞ ശേഷം സ്ഥലം വിട്ടു. ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട അദ്ദേഹത്തിന്റെ ഛേദിക്കപ്പെട്ട കൈപ്പത്തി തുന്നിച്ചേർക്കപ്പെട്ടെങ്കിലും ഇന്നും അത് ഉപയോഗയോഗ്യമായിത്തീർന്നിട്ടില്ല. കഷ്ടമെന്നു പറയട്ടെ, മത തീവ്രവാദികളെ പ്രീതിപ്പെടുത്താനെന്നമട്ടിൽ മാനേജ്മെന്റ് പ്രൊഫ. ജോസഫിനെ ജോലിയിൽ നിന്നും പിരിച്ചു വിടുകയും ചെയ്തു. ചികിത്സ, ആശുപത്രി വാസം, വിമർശനം, അവഹേളനം, എവിടെയെത്തിയാലും വ്യത്യസ്ത ഭാവങ്ങളോടെയുള്ള ജനത്തിന്റെ തുറിച്ചുനോട്ടം, നൊമ്പരപ്പെടുത്തുന്ന അനുകമ്പാപ്രകടനങ്ങൾ, പോലീസ് പ്രൊട്ടക്ഷൻ എന്ന ഒഴിയാബാധ എന്നിവയെല്ലാം കൊണ്ട് ആ കുടുംബം നരകയാതനയിലായി. ശമ്പളം നിലച്ചതോടെ പ്രൊഫ. ജോസഫും കുടുംബവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലുമായി. ഏതു ഭീഷണിക്കുമെതിരെ ഭർത്താവിനൊപ്പം നിന്ന ശലോമി തൊഴിലുറപ്പുപദ്ധതി പ്രകാരമുള്ള ജോലിക്കു പോകാൻപോലും അവസരം തേടി, ഇതെല്ലാം അറിയുന്ന സ്ഥലത്തെ ചില സാമൂഹ്യപ്രവർത്തകർ പ്രൊഫസറെ ജോലിയിൽ തിരിച്ചെടുപ്പിക്കാൻ നടത്തിയ ശ്രമങ്ങൾ കോളേജ് മാനേജ്മെന്റിന്റെ കടുത്ത നിലപാടുമൂലം പരാജയപ്പെടുകയാണുണ്ടായത്. ഇതിനോടകം പ്രൊഫ. ജോസഫിന്റെ പുനർ നിയമന പ്രശ്നം കേരള സമൂഹത്തിന്റെ മതനിരപേക്ഷതാ മൂല്യത്തോടുള്ള പ്രതിബദ്ധതയുടെയും അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തിന്റെയും ഒരു പരിശോധനാകാര്യം (test case) ആയിക്കഴിഞ്ഞിരുന്നു. 2013 നവംബർ 13ന് തൊടുപുഴ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പ്രൊഫ. ജോസഫിനെ കുറ്റവിമുക്തനായിക്കിക്കൊണ്ട് വിധി പ്രഖ്യാപിച്ചു. എന്നിട്ടും മാനേജ്മന്റിന്റെ നിലപാടിൽ ഒട്ടും അയവുണ്ടായില്ല. 2014 മാർച്ച് 31ന് ജോലിയിൽ നിന്ന് വിരമിക്കേണ്ടിയിരുന്ന അദ്ദേഹത്തെ അതിനോടടുത്ത ദിവസമെങ്കിലും തിരികെയെടുത്ത് സർക്കാരിൽ നിന്ന് ലഭിക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ സ്വീകരിക്കുന്നതിന് സാഹചര്യമൊരുക്കുമെന്നുള്ള പ്രത്യാശ പ്രൊഫ. ജോസഫിനും കുടുംബത്തിനുമുണ്ടായിരുന്നു. എന്നാൽ കാലം അതിക്രമിച്ചിട്ടും അതിനുള്ള ഒരു നീക്കവും മാനേജ്മെന്റ് ഭാഗത്തുനിന്നുണ്ടായില്ല. ഇതവരെ ദുരിതത്തിന്റെ പടുകുഴിയിലാക്കി. നിരാശയും വിഘ്നങ്ങളും ശലോമിയെ ഒരു വിഷാദരോഗിയാക്കി മാറ്റി. 2014 മാർച്ച് 19ന് ജോസഫ് ദമ്പതികൾ ഡോക്ടറെ കണ്ടു മരുന്നുമായി വീട്ടിൽ മടങ്ങിയെത്തി നിമിഷങ്ങൾക്കകമാണ് ശലോമി കുളിമുറിയിൽ തൂങ്ങിമരിച്ചത്.

കഷ്ടം! ഒരു ചെറുപരീക്ഷയുടെ ചോദ്യക്കടലാസിൽ ചേർത്ത ഒരു പേരിനെ ചൊല്ലിയുള്ള വിവാദമാണ് ചോദ്യകർത്താവിന്റെ വലതു ഹസ്തം വെട്ടിമാറ്റുന്നതിനും, ജോലി നഷ്ടപ്പെടുന്നതിനും, ഒടുവിൽ ജീവിതപങ്കാളിയുടെ പ്രാണത്യാഗത്തിനും ഇടയാക്കിയത്. തന്റെ പ്രിയന് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**മരിച്ചവരുടെ കരുത്ത്** ............................... 1

**മെത്രാപ്പോലീത്താമാർക്ക് സ്ഥലംമാറ്റം: ഒരു പഠനം – 1** ........................................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ശാസ്ത്രചിന്തയും ആത്മീയ ചിന്തയും ആരോഗ്യവും** ........................................ 6
ഡോ. ബിനോയ് കുര്യാക്കോസ്

**പരി. സഖാ പ്രഥമൻ ബാവാ: ഒരു ചരമക്കുറിപ്പ്** ................................... 10
ഡോ. തോമസ് മാർ അത്താനാസ്യോസ്

**1876 – ലെ ഭദ്രാസന വിഭജനവും മേൽപ്പട്ട വാഴ്ചയും** ................................ 14
വർഗീസ് ജോൺ, തോട്ടപ്പുഴ

**വാർത്തകൾ അറിയിപ്പുകൾ** ....................... 16


പെൻഷൻ ആനൂകൂല്യങ്ങൾ ലഭിക്കുന്നതിനുമുള്ള സാധ്യത അവസാനിക്കുന്നു എന്ന തോന്നലാണ് ശലോമിയെ ഈ ദുരന്തത്തിന് പ്രേരിപ്പിച്ചത്. പ്രൊഫ. ജോസഫിനെതിരെ മതനിന്ദയും മതസൗഹാർദ്ദധ്വംസന ശ്രമവും ആരോപിച്ച് അദ്ദേഹത്തിന്റെ വലതു കരം വെട്ടിചയെറിഞ്ഞ മുസ്ലീം തീവ്രവാദികളുടെ കിരാതത്വവും അദ്ദേഹത്തെ ജോലിയിൽ പുനഃപ്രവശിപ്പിക്കുവാൻ ദയ കാണിക്കാത്ത കോളേജ് മാനേജ്മെന്റിന്റെ കടുംപിടുത്തവും ശലോമിയുടെ സ്വയംഹത്യയിൽ തുല്യപങ്കു വഹിച്ചിട്ടുണ്ട്. പ്രൊഫ. ജോസഫ് മാർച്ച് 31 ന് ജോലിയിൽ നിന്ന് വിരമിക്കേണ്ടതാണ് എന്നറിഞ്ഞിരുന്നിട്ടും അദ്ദേഹത്തിന്റെ പുനർനിയമനപ്രശ്നത്തിൽ അടിയന്തര തീരുമാനമെടുക്കാൻ ഉത്സാഹിക്കാത്ത മഹാത്മാഗാന്ധിയുണിവേഴ്സിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിനും അതിനുവേണ്ട സത്വര നിർദ്ദേശം നൽകാത്ത കേരളസർക്കാരിനും ഈ ദുരന്തത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞു മാറാനും സാധ്യമല്ല. ശലോമിയുടെ പ്രാണത്യാഗത്തിൽ ഈ നാലു കൂട്ടരുടേയും പങ്ക് ഒരു സമഗ്രമായ അന്വേഷണം വഴി നിർണ്ണയിക്കുവാൻ കോടതി ഉത്തരവിടേണ്ടതാണ്.

പുനർനിയമനത്തിന് തടസ്സമായത് കേസ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പരിഗണനയിലായിരുന്നതാണ് എന്ന മാനേജർ ഫാ. ഫ്രാൻസിസ് ആലപ്പാട്ടിന്റെ വിശദീകരണത്തിന് ഒട്ടുമേ വിശ്വാസ്യതയില്ല. കാരണം, ഒടുവിൽ മാർച്ച് 28ന് പ്രൊഫ. ജോസഫിന്റെ പുനർ നിയമനം അദ്ദേഹം നടത്തിയത് ട്രൈബ്യൂണൽതീരുമാനത്തിനുശേഷമായിരുന്നില്ല. ഏതായാലും പത്തു ദിവസം മുമ്പ് ഈ തീരുമാനം മാനേജ്മെന്റ് എടുത്തിരുന്നെങ്കിൽ ശലോമിയുടെ വിലപ്പെട്ട ജീവൻ പൊലിയുകയില്ലായിരുന്നു.

ഒരു കാര്യം. ശലോമിയുടെ പ്രാണത്യാഗമാണ് ഭർത്താവിനെ ജോലിയിൽ പ്രവേശിപ്പിക്കുവാൻ പ്രേരകമായത്. ആ ദുരന്തം മാനേജ്മെന്റിന്റെ മനഃസാക്ഷിയിൽ ഏൽപിച്ച മുറിവോ അതിന്റെ പ്രത്യാഘാതമായുണ്ടാകാവുന്ന ജനരോക്ഷം സംബന്ധിച്ച ഭയമോ, അതോ, അവരണ്ടും ചേർന്നതോ എന്താണ് മാനേജ്മെന്റിന്റെ മനംമാറ്റത്തിന് യഥാർത്ഥ കാരണമെന്ന് അവർക്കേ പറയാനാവൂ. ഒന്നു തീർച്ച. മരിച്ച ശലോമി ജീവിച്ചിരുന്ന ശലോമിയേക്കാൾ ശക്തയാണ്. കാരണം ജീവിച്ചിരുന്നപ്പോൾ സാധിക്കാത്തത് മരണശേഷം അവൾക്കു സാധിച്ചു. മാനേജ്മെന്റിന്റെ മനസ്സു മാറ്റാൻ.

ജോലിയിൽ പുന:പ്രവേശിച്ചശേഷം വിരമിക്കുവാൻ സാധിച്ചതിൽ ജോസഫ് മാസ്റ്റർക്ക് അഭിനന്ദനങ്ങൾ. നിർഭാഗ്യകരമാംവിധം അതു വൈകിയതിന് അനുശോചനങ്ങൾ! സ്വന്തം ജീവൻ കൊടുത്ത് പുനഃപ്രവേശനം നേടിക്കൊടുത്ത ശലോമിക്ക് ആദരാഞ്ജലികൾ. പ്രീയ ജോസഫ് മാസ്റ്റർ, ഏഷ്യാനെറ്റിന് നൽകിയ അഭിമുഖത്തിൽ താങ്കളുടെ വാക്കുകൾ ഞങ്ങളുടെ മനസ്സിൽ മാറ്റൊലി കൊള്ളുന്നു. “യുദ്ധം ജയിച്ചു. പക്ഷേ രാജ്യം നഷ്ടപ്പെട്ടു.” നഷ്ടപ്പെടുത്തിയവർ അതു തിരിച്ചറിഞ്ഞെങ്കിൽ എന്നാശംസിക്കുന്നു. മതഭ്രാന്തന്മാരുടെ മനം മാറ്റത്തിനായി പ്രാർത്ഥിക്കുന്നു. ആരോടും പകയില്ലാത്ത മാസ്റ്ററുടെ നല്ല മനസ്സിനു മുമ്പിൽ ഞങ്ങൾ തലകുനിക്കുന്നു. താങ്കളെപ്പോലെയുള്ളവരിലാണ് ഞങ്ങൾ ക്രിസ്തു സാന്നിധ്യം കാണുന്നത്.

*മെത്രാപ്പോലീത്തായുടെ കത്ത്*

# മെത്രാപ്പോലീത്താമാർക്ക് സ്ഥലംമാറ്റം : ഒരു പഠനം-1

**ക**ഴിഞ്ഞ മലങ്കരസഭാ മാനേജിംഗ് കമ്മിറ്റിയിൽ (20/3/2014) മെത്രാപ്പോലീത്താമാരുടെ പൊതുവായ സ്ഥലം മാറ്റം സംബന്ധിച്ച് ഒരു അടിയന്തര പ്രമേയം പാസ്സാക്കി. അക്കാര്യം പിറ്റേ ദിവസം വാർത്താമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. സഭാഭരണ രംഗത്തെ ഈ പുതിയ നീക്കം സംബന്ധിച്ച് സഭാംഗങ്ങൾ വേണ്ട വിധം അറിയേണ്ടതുണ്ട്. അതുകൊണ്ട് പ്രസ്തുത വിഷയത്തെപ്പറ്റി പഠനവും തുറന്ന ചർച്ചയും അനിവാര്യമായിത്തീർന്നു. ഈ വിഷയം ബിഷപ്പുമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും മാത്രം അറിഞ്ഞാൽ പോരല്ലോ. യഥാർത്ഥത്തിൽ ചർച്ച നിയമനിർമ്മാണത്തിന് മുമ്പു തന്നെ നടക്കേണ്ടിയിരുന്നു. എങ്കിലും ഇതിന്റെ തുടർനടപടികൾക്ക് ഇനിയും സമയം എടുക്കേണ്ടി വരാം എന്നതുകൊണ്ട് പഠനാവസരം അവശേഷിക്കുന്നുണ്ട് എന്നു തോന്നുന്നു.

മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കുമ്പോൾ ഭദ്രാസന അദ്ധ്യക്ഷൻമാർ പൊതുവായ മെത്രാസന മാറ്റത്തിനു വിധേയരാകും. നിരവധി സഭാംഗങ്ങൾ ഇതൊരു നല്ലനടപടിയായി വിലയിരുത്തുന്നു, അതിനുള്ള കാരണങ്ങൾ താഴെ കുറിക്കുന്നു.

1. ഒരു മെത്രാപ്പോലീത്തയ്ക്ക് മരണം/റിട്ടയർമെന്റ് വരെ തന്റെ സേവനം ഒരു ഭദ്രാസനത്തിൽ പരിമിതപ്പെടുത്താതെ പലയിടങ്ങളിൽ പ്രവർത്തന സാധ്യത നൽകുന്നു. ഇത് അവർക്ക് ലഭിക്കുന്ന ഒരവസരമായി പരിഗണിക്കാവുന്നതാണ്.

2. സഭയുടെ ഭദ്രാസനങ്ങൾ വൈവിധ്യമാർന്നതാണ്. ചിലത് സംഘർഷം നിറഞ്ഞവയാണ്. മറ്റു ചിലവ ദരിദ്ര-ഗ്രാമീണ-പിന്നാക്കാവസ്ഥ ഉള്ളവയാണ്. താരതമ്യേന അംഗബലം കുറഞ്ഞ ഭദ്രാസനങ്ങളുണ്ട്. അതേ സമയം ചില മെത്രാസനങ്ങൾ സമ്പന്നമാണ്. നഗര-കേന്ദ്രീകൃതമായവയും ആണ്. കേരളത്തിനു പുറത്തും വിദേശത്തും ഉള്ളവ പൊതുവേ സ്വസ്ഥവും സ്വയം പര്യാപ്തവുമാണ്. ഈ വൈവിദ്ധ്യമാർന്ന സാഹചര്യങ്ങളിൽ ശുശ്രൂഷിക്കാൻ ഓരോ ഭദ്രാസന അദ്ധ്യക്ഷനും അവസരം ലഭിക്കുന്നത് കേവലനീതിയാണ്. അതുകൊണ്ട് മെത്രാപ്പോലീത്തമാർക്ക് നീതിയും അവസരസമത്വവും പൊതുവായ സ്ഥലംമാറ്റം പ്രദാനം ചെയ്യുന്നു.

3. മെത്രാപ്പോലീത്തമാർ എല്ലാവരും ഒരുപോലെയല്ല. അലസരും ധൂർത്തരും കാര്യക്ഷമത കുറഞ്ഞവരും സാമ്പത്തിക ക്രമക്കേടുള്ളവരും അവരിലുണ്ടാകാം. ചില ഭദ്രാസനങ്ങൾക്ക് അവരെ മരണം വരെ വഹിക്കേണ്ടതായി വരും. ഇത്തരത്തിൽ ചിന്തിച്ചാൽ പൊതുസ്ഥലംമാറ്റം ഈ ഭദ്രാസനങ്ങളെ സംബന്ധിച്ച് മോചനാനുഭവമാണ്.

4. ഒരു മെത്രാപ്പോലീത്തയുടെ ലോകം ഭദ്രാസനം മാത്രം ആകാതെയും അടുപ്പം സ്വന്തം ഭദ്രാസനത്തോട് മാത്രമായി പരിമിതപ്പെടാതെയും കൂറും സ്നേഹവും സഭയോടായി ത്തീരുവാൻ സ്ഥലംമാറ്റം സഹായകമായിത്തീരും.

5. വൈദീകരെ യഥേഷ്ടം സ്ഥലം മാറ്റുന്ന മെത്രാപ്പോലീത്തമാർക്ക് നിർബന്ധിത ഭദ്രാസന മാറ്റം നല്ലതാണ് എന്ന് ധാരാളം വൈദികർക്ക് ചിന്തയുണ്ട്.

ഇത്തരത്തിൽ ജനത്തിന്റെ ഭാഗത്തു നിന്നും പൊതുവെ മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റത്തിന് അനുകൂല പ്രതികരണമാണ് ഉള്ളത് എന്ന് തോന്നുന്നു. അവരുടെ കാഴ്ചപ്പാടിൽ ഇത് സഭയ്ക്കും, ഭദ്രാസനങ്ങൾക്കും, ഭദ്രാസന അദ്ധ്യക്ഷൻമാർക്കും ഏറെ സാധ്യത നൽകുന്നുവത്രെ.

എന്നാൽ പൊതുസ്ഥലമാറ്റം അത്ര നല്ല നടപടിയല്ല എന്നു ചിന്തിക്കുന്നവരും ഉണ്ട്. അവർക്ക് അവരുടേതായ ന്യായങ്ങളുമുണ്ട്.

1. നിലനിൽക്കുന്ന സംവിധാനത്തിനു വിരുദ്ധമാണത്. സഭയുടെ ചരിത്രത്തിലും പാരമ്പര്യത്തിലും ഇത്തരം ഒരു കീഴ്‌വഴക്കമില്ല. ഒരു ഓർത്തഡോക്സ് സഭയും അംഗീകരിച്ചിട്ടുള്ള നടപടിയല്ലിത്.

2. ഇതിന്റെ വരുംവരായ്കകളെ കുറിച്ച് വേണ്ടത്ര പഠനവും ചർച്ചയും നടത്താതെയുള്ള കാൽവയ്പ്പാണിത്. പഠനത്തിന്റെയും ആലോചനയുടെയും ശേഷം സഭയ്ക്ക് ഉപകരിക്കുമെങ്കിൽ വ്യക്തമായ ധാരണയോടും നിയന്ത്രണങ്ങളോടും കൂടി ആയിരിക്കണം ഇത് നടക്കേണ്ടത്.

3. മലങ്കര മെത്രാപ്പോലീത്താ-കാതോലിക്കായിൽ അധികാര കേന്ദ്രീകരണ സാധ്യത നൽകുന്നതാണ് ഈ തീരുമാനം. അതായത് സഭയുടെ പ്രധാന അധ്യക്ഷന് സ്വേഛാധിപത്യ പ്രവണത ഉണ്ടാകുവാനും സഹമെത്രാപ്പോലീത്തമാരുടെ മേൽ നിയന്ത്രണ സാധ്യത വർദ്ധിക്കുവാനും ഇടയുണ്ട്.

4. ചില ബിഷപ്പുമാരെ ലക്ഷ്യമിട്ടാണ് ഈ പദ്ധതിയുടെ ആവിഷ്ക്കാരം എന്ന ചിന്ത പലർക്കുമുണ്ട്. സദുദ്ദേശ്യപരമായ ഒരു നടപടിയായി ഈ അടിയന്തര പ്രമേയത്തെ കാണുവാൻ സാധിക്കില്ലത്രേ.

ഉയർന്നു വന്നിട്ടുള്ള ഈ വിമർശനങ്ങൾക്ക് ഉത്തരം പറയേണ്ടതുണ്ട്. സ്ഥലംമാറ്റം സംബന്ധിച്ച് നടപടിച്ചട്ടങ്ങൾ നീതിപൂർവ്വം ആവിഷ്ക്കരിക്കേണ്ടതും നിയന്ത്രിതമായി

നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ചിന്തിക്കുന്നവരും ധാരാളമുണ്ട്.

എന്നാൽ ഈ വിഷയത്തിന്റെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കുന്നിതനുമുമ്പ് വ്യക്തിപരമായ ചില പരാമർശങ്ങൾ നടത്തേണ്ടിയിരിക്കുന്നു. എന്നേപ്പറ്റി ഉണ്ടാകാവുന്ന തെറ്റിദ്ധാരണ ഒഴിവാക്കാൻ വേണ്ടിയാണ് ഇത്. ഇതിൽ ഏതെങ്കിലും ഒരു ഭാഗത്ത് നിലയുറപ്പിച്ച് അതു സാധൂകരിക്കുവാനുള്ള ലക്ഷ്യമല്ല ഈ രചനയ്ക്കുള്ളത്. എന്നാൽ ഇവ രണ്ടിന്റേയും വരും വരായ്കകൾ ശ്രദ്ധിക്കപ്പെടണം എന്ന താത്പര്യം എനിക്കുണ്ട്. ആവശ്യമായ ആലോചനകൾക്കുശേഷം സഭ ഈ വിഷയത്തിൽ ഏതു തീരുമാനം എടുത്താലും എനിക്ക് പരാതിയില്ല. എന്റെ ശുശ്രൂഷ എവിടെ കൂടുതൽ ഫലപ്രദമായി നിർവഹിക്കുവാൻ എനിക്കു കഴിയും എന്നു സഭ വിലയിരുത്തി ഏതു ഭദ്രാസനത്തിന്റെ ചുമതല എന്നെ ഏൽപ്പിച്ചാലും എനിക്കു വിരോധമില്ല. ശുശ്രൂഷയ്ക്കുള്ള പ്രത്യേക സ്ഥലമല്ല, പ്രത്യുത അവസരമാണ് പ്രധാനം. എന്നാൽ ശുശ്രൂഷയിൽ ഞാൻ തികഞ്ഞ പരാജയമായി സഭ കണ്ടെത്തുന്നുവെങ്കിൽ എന്നെ ഒഴിവാക്കുകയാണ് വേണ്ടത്. കാര്യക്ഷമമായി പ്രവർത്തിക്കാത്ത ആർക്കും പ്രവർത്തന സ്ഥലം നൽകി അതു നശിപ്പിക്കുന്നതു തടയേണ്ട കാര്യമാണ്. സഭാ ശുശ്രൂഷ ഒരു വ്യക്തിക്കും സ്വന്തം ആഗ്രഹപൂർത്തിക്കുള്ള ഒരു സ്ഥാനമല്ല. ദൈവനിയോഗ പ്രകാരം സഭയിൽ ഫലപ്രദമായി ശുശ്രൂഷ ചെയ്യുകയാണ് വൈദീക സേവനത്തിന്റെ ലക്ഷ്യം. മറുഭാഗത്തിന്റെ അക്രമം ഏറ്റവും രൂക്ഷമായി അരങ്ങേറുന്ന ഈ ഭദ്രാസനത്തിൽ തന്നെ തുടർന്നു ശുശ്രൂഷ ചെയ്യണമെന്നാണ് വിധിയെങ്കിൽ അതിലും എനിക്ക് അനിഷ്ടമില്ല. അതായത് റിട്ടയർമെന്റ്, ഭദ്രാസന മാറ്റം എന്നീ വിഷയങ്ങളിൽ വ്യവസ്ഥാപിതമായി സഭ കൈക്കൊള്ളുന്ന തീരുമാനങ്ങളോട് യോജിച്ചായിരിക്കും എന്റെ നിലപാട്.

ഞാൻ വൈദിക ശുശ്രൂഷയിലേക്ക് ഇറങ്ങിയത് ദൈവവിളിയുടെ ബോധ്യത്തിലാണ് എന്നാണ് എന്റെ വിശ്വാസം. എന്നാൽ മേൽപ്പട്ടസ്ഥാനം സ്വീകരിച്ചത് സഭയുടെ ആവശ്യത്തിനു വഴങ്ങിയുമാണ്. ശുശ്രൂഷയിൽ തുടരുന്നത് പിൻമാറാൻ വയ്യാത്ത സാഹചര്യം നിലനിൽക്കുന്നതുകൊണ്ടും. സഭാഐക്യത്തിന് എന്നോടൊരുമിച്ചു നിലകൊണ്ട വിശ്വാസസമൂഹത്തോട് വിശ്വസ്തത പുലർത്തേണ്ടത് എന്റെ ധർമ്മവും ബാദ്ധ്യതയുമായി ഞാനിപ്പോഴും പരിഗണിക്കുന്നു. അതുതന്നെയാണ് പലപ്പോഴും അക്രമത്തിന്റെയും നിസ്സാഹയതയുടെയും നടുവിൽ പിന്മാറാതെ നിൽക്കുവാൻ പ്രേരണ നൽകുന്ന ഘടകവും. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ, അസൗകര്യങ്ങൾ ഒന്നും ഉയർന്ന ലക്ഷ്യത്തിനിടയിൽ തടസ്സമാകാറില്ല. അതുകൊണ്ട് സഭാശുശ്രൂഷ സംബന്ധിച്ച് സഭയുടെ തീരുമാനങ്ങൾക്ക് അതീതമായി എനിക്കു പ്രത്യേക താത്പര്യങ്ങൾ ഒന്നുമില്ല എന്നു പ്രസ്താവിക്കുവാനാണ് ഇവയെല്ലാം പറഞ്ഞു വച്ചത്.

ഓരോ സമയത്തും സഭാംഗങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾ, സൃഷ്ടിക്കുന്ന ആശയങ്ങൾ എന്നിവയോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ സഭാ നേതൃത്വത്തിന് സാധിക്കേണ്ടതാണ്. അത്തരത്തിലുള്ളൊരു വിഷയമാണ് ഭദ്രാസന അദ്ധ്യക്ഷന്മാരുടെ സ്ഥലം മാറ്റവും റിട്ടയർമെന്റും. സിനഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഞാൻ അംഗമായിരുന്ന കാലത്ത് സുന്നഹദോസിന്റെ കാര്യപരിപാടിയിൽ ഈ വിഷയം ചർച്ചയ്ക്കും തീരുമാനത്തിനുമായി ഉൾക്കൊള്ളിക്കുവാൻ നിർദ്ദേശിക്കുകയും സുന്നഹദോസിൽ അതു സംബന്ധിച്ച് വിശദമായ ചർച്ച നടക്കുകയും ചെയ്തു. തുടർന്ന് എഴുപത്തഞ്ചു വയസ്സിൽ മെത്രാപ്പോലീത്തമാർക്ക് റിട്ടയർമെന്റ് ആകാമെന്നും എൺപതു വയസ്സിൽ നിർബന്ധമായും പിരിയണമെന്നും തീരുമാനമുണ്ടായി. എന്നാൽ സ്ഥലംമാറ്റം ആവശ്യാനുസരണവും വ്യക്തിഗതവുമായി നടപ്പിലാക്കിയാൽ മതി എന്നായിരുന്നു സുന്നഹദോസിന്റെ കൂട്ടായ തീരുമാനം. ഈ തീരുമാനങ്ങൾക്ക് വ്യത്യാസം പാടില്ല എന്നർത്ഥമില്ല. ഇവയ്ക്ക് വ്യവസ്ഥാപിതവും കാലാനുസൃതവുമായ മാറ്റങ്ങൾ ആവശ്യമെങ്കിൽ ഉണ്ടാകേണ്ടതു തന്നെയാണ്.

സഭയിൽ മെത്രാപ്പോലീത്താമാരുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള രീതി ഇന്നു വരെ ഒറ്റപ്പെട്ടതും ആവശ്യാധിഷ്ഠിതവുമാണ്. കൃത്യമായി പറഞ്ഞാൽ മെത്രാപ്പോലീത്താമാരുടെ ആവശ്യം, സഭയുടെ താത്പര്യം, സാഹചര്യങ്ങളുടെ സമ്മർദ്ദം, പ്രശ്നങ്ങൾക്കുപോംവഴി എന്നിവയുടെ അടിസ്ഥാനത്തിൽ നടക്കുന്ന നീക്കുപോക്കുകളാണ് അവ. പൊതുവായ സ്ഥലംമാറ്റത്തിന്റെ ആവശ്യബോധം സുന്നഹദോസ് അംഗങ്ങൾക്ക് ഇപ്പോഴും ബോദ്ധ്യമുള്ള കാര്യമാണ് എന്നു തോന്നുന്നില്ല. കൂടാതെ ഈ വിഷയം ഭരണഘടന വിഭാവനം ചെയ്യുന്നുമില്ല. കാരണം ഭരണഘടനയുടെ രൂപീകരണകാലത്ത് മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ആരും ചിന്തിച്ചിരുന്നില്ല എന്നതാണ് കേവല സത്യം. തീർച്ചയായും റിട്ടയർമെന്റിന്റെ കാര്യവും അതുപോലെതന്നെ. വാഴിക്കപ്പെട്ട മെത്രാപ്പോലീത്തമാർക്ക് ഭദ്രാസനം നൽകുന്ന കാര്യം മാത്രമാണ് ഭരണഘടനയിലുള്ളത്. എന്നാൽ ഒരു പ്രാവശ്യം നിയമിതമായ ശേഷം ഒരു മെത്രാപ്പോലീത്തായ്ക്ക് നിർബന്ധിതമായ ഒരു സ്ഥലം മാറ്റത്തിന് സാധ്യതയുണ്ടോ,പൊതുവായ സ്ഥലമാറ്റം ആകാമോ, അതെങ്ങനെ, ഏതു മാനദണ്ഡം പാലിച്ചുകൊണ്ട്, ഇതൊന്നും ഭരണ ഘടന വിശദീകരിക്കുന്നില്ല. ചുരുക്കത്തിൽ മെത്രാപ്പോലീത്തൻമാരുടെ സ്ഥലം മാറ്റം ഇപ്പോഴത്തെ അവസ്ഥയിൽ ഭരണഘടനയുടെ perview യിൽ വരുന്നില്ല എന്നു ചുരുക്കം.

എന്നിരുന്നാലും മാറിവരുന്ന സാഹചര്യത്തിൽ ഈ വിഷയം പരിഗണിക്കേണ്ടതുണ്ട് എങ്കിൽ ഇതു

സംബന്ധിച്ച് പഠനവും ചർച്ചയും ഉണ്ടാകണം. വ്യവസ്ഥാപിതമായ രീതിയിൽ നിയമനിർമ്മാണവും നടക്കണം. അതു പ്രയോഗത്തിൽ വരികയും വേണം.

എന്നാൽ ഈ വിഷയം അതിന്റെ സങ്കീർണ്ണതകളോടുകൂടി പഠിച്ചും അതിന്റെ ഗുണദോഷങ്ങളും ഭവിഷ്യത്തുക്കളും വിലയിരുത്തിയും ആണ് ഈ പ്രക്രിയ നടക്കേണ്ടത്. കഴിഞ്ഞ മാനേജിംഗ് കമ്മിറ്റിയിലെ ചർച്ച ഏറെ ആവേശകരമായിരുന്നെങ്കിലും വേണ്ടത്ര പഠനത്തിന്റെ അഭാവം അതിൽ പ്രകടമായിരുന്നു. നിലവിലിരിക്കുന്ന സംവിധാനത്തെ വിമർശനാത്മകമായി വിലയിരുത്തുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്. ഇതിന്റെ ഭാഗമായി മെത്രാപ്പോലീത്താമാരുടെ സ്ഥലംമാറ്റത്തിനു പ്രേരകമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

1. സ്വന്തം മെത്രാപ്പോലീത്തായെപ്പറ്റിയുള്ള ജനത്തിന്റെ അതൃപ്തി. പൊതുസ്ഥലംമാറ്റത്തിലൂടെ ഭേദപ്പെട്ട ഒരാളെ കിട്ടുമെന്നുള്ള പ്രതീക്ഷ.

2. ആധുനിക മനുഷ്യൻ മാറ്റം ആഗ്രഹിക്കുന്നു. മെത്രാസനത്തിൽ പുതിയൊരു നേതൃത്വം വന്നാൽ അതിന് കൂടുതൽ പുരോഗതി കൈവരുമെന്ന ചിന്ത.

3. ചില മെത്രാപ്പോലീത്തമാർക്ക് ഇഷ്ടപ്പെട്ട ഭദ്രാസനങ്ങൾ കിട്ടുന്നതിനുള്ള ആസൂത്രിത ശ്രമം.

4. തങ്ങൾക്കുകിട്ടിയ ഭദ്രാസനത്തിൽ ഏതെങ്കിലും കാരണത്താൽ സഭാശുശ്രൂഷ ഫലപ്രദമായി നടക്കുന്നില്ല എന്ന തിരിച്ചറിവു കൊണ്ട് ചില മെത്രാപ്പോലീത്തമാർ മാറ്റം ആഗ്രഹിക്കുന്നു.

5. ജനവികാരം മുതലെടുത്ത് ചിലരെ നീക്കാനുള്ള സഭാനേതൃത്വത്തിന്റെ ശ്രമം.

ഇതിൽ മൂന്നാമതു പറയുന്ന കാര്യത്തെപ്പറ്റി ആദ്യം ചിന്തിക്കാം. തങ്ങൾക്കു ലഭിച്ച ഭദ്രാസനത്തെക്കാൾ സൗകര്യങ്ങൾ ഉള്ള മറ്റൊന്ന് അന്വേഷിക്കുന്നത് സ്വാർത്ഥതയാണ്. ഓരോ മെത്രാപ്പോലീത്തായും ലഭിച്ച ഭദ്രാസനാതിർത്തിയിൽ കഴിവുപോലെ ശുശ്രൂഷ ചെയ്യുകയാണ് വേണ്ടത്. നിയോഗത്തോടുള്ള പ്രതിബദ്ധതയെക്കാൾ സ്വന്തം സൗകര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്നവരെ ഈ സ്ഥാനത്തിന് അടിസ്ഥാന യോഗ്യത ഉള്ളവരായി പരിഗണിക്കാവുന്നതല്ല.

എന്നാൽ ചിലർക്ക് കിട്ടിയ ഭദ്രാസനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ സവിശേഷതകൾ അവരുടെ വ്യക്തിത്വത്തിന്റെ പ്രത്യേകത ഇവ കൊണ്ട് അവർക്കവിടെ ഫലപ്രദമായി ശുശ്രൂഷ നിർവഹിക്കുവാൻ ആവാതെ വരാം. ആ സാഹചര്യത്തിൽ അവിടെ തുടരുവാൻ അവരെ നിർബന്ധിച്ചിട്ടു കാര്യമില്ല. വേണ്ടത്ര ആലോചനയില്ലാതെയും നിർദ്ദിഷ്ട മെത്രപ്പോലീത്തായുടെ കഴിവുകളും സ്വഭാവസവിശേഷതകളും ഭദ്രാസനത്തിന്റെ പ്രത്യേക പശ്ചാത്തലവും ഭദ്രാസന ജനങ്ങളുടേയും മെത്രാപ്പോലീത്തായുടേയും സാംസ്ക്കാരിക പ്രത്യേകതകൾ പരിഗണിക്കാതെയും ഭദ്രാസനത്തിന്റെ ചുമതല കൊടുത്തതിന്റെ ഫലമാണിത്. ഓരോ ഭദ്രാസനത്തിനും അവിടത്തെ ചുറ്റുപാടുകളും വെല്ലുവിളിയും മനസിലാക്കി അതിന് പറ്റിയ വ്യക്തിയെ വേണം ഭദ്രാസന മെത്രാപ്പോലീത്താ യായി നിയമിക്കുവാൻ. എന്നിട്ടും ഫലം കാണാത്ത ചുറ്റുപാടിൽ കഴിവതും വേഗം അങ്ങനെയുള്ളവരെ വിടർത്തി യോജിക്കുന്ന പ്രവർത്തന മേഖല നൽകേണ്ടതാണ്.

എന്നാൽ ജനം മടുത്ത ഒരു മെത്രാപ്പോലീത്തായെ തുടർന്നും അവിടെ നിലനിർത്തുന്നതിൽ യാതൊരു പ്രയോജനവുമില്ല ഏതാനും വർഷങ്ങൾക്കു മുൻപ് ഒരു മാനേജിംഗ് കമ്മിറ്റിയിൽ ഒരു മെമ്പർ പറഞ്ഞത് ഇപ്പോഴും ഞാൻ ഓർക്കുന്നു: "ഭദ്രാസന അംഗങ്ങളിൽ ഇരുപതുശതമാനത്തിന്റെയെങ്കിലും പിന്തുണ ഇല്ലാത്ത മെത്രാപ്പോലീത്തായെ ഒന്നു മാറ്റിക്കൂടെ." ഇടവക മെത്രാപ്പോലീത്തായെപ്പറ്റിയുള്ള കടുത്ത നിരാശയാണ് ഇതിന്റെ പിന്നിലെ ചേതോവികാരം എന്ന് ആർക്കും വ്യക്തം. ഭദ്രാസനം ഭരിച്ചു മുടിക്കുന്ന അധിപൻമാരെ മാറ്റിക്കിട്ടണം എന്നു ജനം ആഗ്രഹിക്കുന്നുവെങ്കിൽ അതിനവരെ കുറ്റം പറഞ്ഞിട്ടെന്തുകാര്യം? ഇതിനു വേണ്ടത് വ്യവസ്ഥാപിതമായ പരിഹാരമാണ്.

എന്നാൽ മാറ്റത്തിനു വേണ്ടി മാറ്റം ആഗ്രഹിക്കുന്നവർ പ്രശ്നത്തിന്റെ സങ്കീർണ്ണത മനസിലാക്കിയിട്ടുള്ളവരല്ല. ചില സഭകളിൽ നിലനിൽക്കുന്ന നടപടികൾ അതേപടി അനുകരിക്കുവാനുള്ള ശ്രമമാണിവിടെ കാണുന്നത്. കാര്യങ്ങൾ വിശദമായും ഗൗരവമായും പഠിക്കാൻ അവർ ശ്രമിക്കുകയാണ് ആദ്യം വേണ്ടത്.

സഭയ്ക്ക് സ്വയമായി അതിന്റെ ചരിത്ര-കാനോനിക-വേദശാസ്ത്ര പശ്ചാത്തലത്തലങ്ങളിൽ നിന്ന് പൊടുന്നനെ സ്വതന്ത്രമാകാനാവില്ല. ഒപ്പം തന്നെ വർത്തമാനകാലയാഥാർത്ഥ്യങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറി നിൽക്കുവാനും സാധിക്കില്ല. അതു കൊണ്ട് ഭൂതവർത്തമാനകാല പശ്ചാത്തലത്തിൽ പൊതുസഭാപാരമ്പര്യങ്ങൾ അപ്പാടെ നിഷേധിക്കാതെ വേണം പുതിയ നടപടികൾ സ്വീകരിക്കുവാൻ.

അപ്പോസ്തലന്മാരുടെ കാനോൻ പ്രകാരം ഒരു എപ്പിസ്കോപ്പ അദ്ദേഹത്തിന്റെ മെത്രാസനത്തിൽ നിന്ന് മറ്റൊന്നിലേക്ക് സ്വന്തതാത്പര്യപ്രകാരമോ, ജനത്തിന്റെ സമ്മർദ്ദപ്രകാരമോ, മറ്റു എപ്പിസ്കോപ്പമാരുടെ ഇടപെടൽ പ്രകാരമോ സ്ഥലം മാറിക്കൂടാ. ദൈവം നിയോഗിച്ചിടത്ത് തന്നെ അധ്യക്ഷനായി തുടരണം. (അപ്പോസ്തോലിക്കാ കാനോൻ 15). അലക്സാണ്ട്രിയായിലെ അത്താനാസ്യോസിന്റെ നിർദ്ദേശം ഇതിനോട് പൊരുത്തപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ: എപ്പിസ്കോപ്പ മെത്രാസനവുമായി വിവാഹസദൃശ ബന്ധത്തിലാണ്. എപ്പിസ്ക്കോപ്പ മണവാളനും ഭദ്രാസനം മണവാട്ടിയും. സ്വന്തം ഭദ്രാസനത്തെ ഉപേക്ഷിക്കുന്നതു വിവാഹ മോചനവും മറ്റൊന്നിനെ സ്വീകരിക്കുന്നത്

ലേഖനം

# ശാസ്ത്ര ചിന്തയും ആത്മീയ ചിന്തയും ആരോഗ്യവും

ഡോ. ബിനോയി കുര്യാക്കോസ്

ശാസ്ത്രം പുരോഗമിക്കുന്നു. നമുക്ക് ചന്ദ്രനിലെത്താം, ചൊവ്വയിലെത്താനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഒരു ദിവസം മഴ പെയ്യുമോ എന്ന് ഉറപ്പിച്ചു പറയുവാൻ പ്രയാസമാണ്. അതുപോലെ ഒരു മനുഷ്യൻ എങ്ങനെ ചിന്തിക്കും എന്ന് മുൻകൂട്ടി പറയുവാൻ കഴിയില്ല. ശാസ്ത്ര ചിന്തയും മനുഷ്യ സ്വഭാവത്തിന്റെ ഭാഗമായുള്ള ചിന്തയും വ്യത്യസ്തമാണ്.

ശാസ്ത്രത്തിന്റെ കാര്യത്തിൽ കൃത്യതയോടെ കണക്കുകൾ കൂട്ടാം. പക്ഷേ മനുഷ്യസ്വഭാവത്തിന്റെ കാര്യത്തിൽ ഈ കണക്കുകൂട്ടലുകൾ സാധ്യമല്ല. അഞ്ചിനോട് നാലു കൂട്ടിയാൽ ഒമ്പത്. അതിൽ നിന്ന് നാലു കുറച്ചാൽ വീണ്ടും അഞ്ച്. പഴയതുപോലെ തന്നെ. ഇത് കണക്ക്, ശാസ്ത്രം. പക്ഷേ, ഒരാളെ കള്ളൻ എന്നു വിളിച്ചിട്ട്, പിന്നീട് കള്ളൻ അല്ല എന്നു പറഞ്ഞാലും മുമ്പുള്ളതുപോലെയാകില്ല. കള്ളൻ എന്ന വിളി കേട്ടയാളുകളുടെ പിന്നീടുള്ള നിഗമനങ്ങൾ വ്യത്യസ്തമാകാം.

**ശാസ്ത്ര ചിന്ത**

കൂടുതൽ വിവരങ്ങൾ ശേഖരിച്ച് അവയുടെ വിശകലനവും തുടർന്നുള്ള നിഗമനങ്ങളുമാണ് ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നത്. ശാസ്ത്ര സാങ്കേതിക കാര്യങ്ങളിൽ നമുക്കറിയാവുന്ന കാര്യങ്ങളെ നാം നിർവചിക്കുകയും വിശകലനം ചെയ്യുകയും യുക്തിയുടെ അടിസ്ഥാനത്തിൽ നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഇപ്പോൾ എന്ത് ആണ് എന്നുള്ളത് ശാസ്ത്രം വിവരിക്കുന്നു.

ചില ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ ഒരാളുടെയോ ഒരു കൂട്ടം ആളുകളുടെയോ നിഗമനം കൂടുതൽ പേർ അംഗീകരിക്കുമ്പോൾ അത് ശാസ്ത്രീയമാകുന്നു. ഇന്നു ശരി എന്ന് ശാസ്ത്രം പറയുന്നത് പിന്നീട് കൂടുതൽ വിദഗ്ദ്ധർ വ്യത്യസ്തമായ നിഗമനത്തിലെത്തി

---

വ്യഭിചാര കുറ്റവുമാണ്. (അത്താനാസ്യോസ് അപ്പോളജി 1.7) അദ്ദേഹം ഇവിടെ എപ്പിസ്ക്കോപ്പാ-ഭദ്രാസനബന്ധത്തിന് ഒരു ആത്മീയ-കൗദാശിക അർത്ഥം നല്കുകയാണ്. നാസിയാൻസിലെ ഗ്രീഗോറിയോസിന് കുസ്തന്തീനോ പോലീസിലെ സുന്നഹദോസിന്റെ അദ്ധ്യക്ഷ സ്ഥാനത്തുനിന്ന് പിൻമാറേണ്ടി വന്നത് അദ്ദേഹം സ്വന്തം മെത്രാസനമായ സസീമയിൽ നിന്ന് സാമ്രാജ്യ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിലേക്ക് സ്ഥലം മാറിയതുകൊണ്ടാണ്. ഈ പരാമർശങ്ങളിൽ നിന്ന് വെളിപ്പെടുത്തുന്ന കാര്യം എപ്പിസ്കോപ്പാമാരുടെ വ്യക്തിഗതമായസ്ഥലം മാറ്റം പോലും ആദിമ സഭ അംഗീകരിച്ചിരുന്നില്ല എന്നതാണ്. പൊതു സ്ഥലം മാറ്റം എന്ന ആശയം അന്ന് അചിന്ത്യമായിരുന്നു. എന്നിരിക്കിലും ഒറ്റപ്പെട്ട സ്ഥലംമാറ്റങ്ങൾ പിന്നീട് സഭയിൽ നടന്നതായി കാണാം. അതു താഴെ പറയുന്ന സാഹചര്യങ്ങളിലായിരുന്നു.

1. എപ്പിസ്കോപ്പയുടെ ഭരണപ്രാപ്തിയും പൊതുഅഗീകാരവും സേവനസന്നദ്ധതയും പരിഗണിച്ച് ഉയർന്ന സ്ഥാനത്തേക്കും പ്രമാണപ്പെട്ട ഭദ്രാസനത്തിലേക്കും നിയോഗിക്കപ്പെടാം. ഇത്തരത്തിലുള്ള മാറ്റത്തെ metathesis എന്നു വിളിക്കുന്നു. ഇത് സഭയുടെ ആവശ്യം പരിഗണിച്ചാണ് (for the good of souls and for the better administration of the Church).

2.സഭാവിരുദ്ധ വിഭാഗക്കാർ ബലം പ്രയോഗിച്ച് മെത്രാസനത്തിൽ നിന്ന് പുറത്താക്കിയ എപ്പിസ്ക്കോപ്പായ്ക്ക് ഒഴിവു വരുന്ന ഭദ്രാസനത്തിന്റെ ചുമതല നൽകുക. ഇത്തരത്തിലുള്ള നിയമനം (metabasis) എന്ന് അറിയപ്പെടുന്നു

3. ഭദ്രാസനങ്ങളിൽ സ്ഥാനം ഒഴിവു വരുമ്പോൾ ബലം പ്രയോഗിച്ച് കയറിക്കൂടുന്ന പതിവുണ്ടായിരുന്നു. ഇതിന് (anabasis) എന്നു പറയുന്നു.

സഭയുടെ ഉയർന്ന സേവന തലങ്ങളിൽ ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്നവരും സഭാവിരുദ്ധരാൽ പുറത്താക്കപ്പെട്ടവരുമായ എപ്പിസ്ക്കോപ്പാമാരെ ഒഴിവു വന്ന സഭാഭദ്രാസനങ്ങളിൽ പുനരധിവസിപ്പിക്കുന്നതും ന്യായമായ ക്രമീകരണമായിട്ടാണ് സഭ കാണുന്നത്. എന്നാൽ ഒഴിവു വന്ന ഭദ്രാസനങ്ങളിൽ ബലപ്രയോഗത്തിലൂടെയും കൗശലമാർഗ്ഗങ്ങളിലൂടെയും സ്ഥാനം ഉറപ്പിക്കുന്ന പതിവിനെ അനുകൂലിക്കുന്നുമില്ല.

അതായത് പൊതുസ്ഥലമാറ്റം കത്തോലിക്കാ-നവീകരണ-ഓർത്തഡോക്സ് സഭപാരമ്പര്യങ്ങളിൽ ഒരിടത്തും തന്നെ നിലവിലിരുന്നിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സ്ഥലംമാറ്റങ്ങൾ ആകാവുന്നതുമാണ്. ഇതാണ് സഭയുടെ പൊതു പാരമ്പര്യം. ഇതിനുള്ളിൽ നിന്നുകൊണ്ട് പുതിയ വെല്ലുവിളികൾ, ആവശ്യങ്ങൾ എന്നിവ എങ്ങനെ നേരിടും എന്നതാണ് വിഷയം. *(തുടരും)*

ഉയിർപ്പു പെരുന്നാളിന്റെ ആശംസകൾ എല്ലാവർക്കും നേരുന്നു.

സസ്നേഹം

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ശനം ശരിയായാലും തെറ്റായാലും ഒരാൾ നിഗമനങ്ങളിലെത്തി പ്രവർത്തിക്കുന്നത് അയാളുടെ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരു സാഹചര്യത്തെ വിവിധ ആളുകൾ വിവിധ രീതിയിൽ ദർശിക്കുമ്പോൾ വിവിധ നിഗമനങ്ങളിലെത്തും. ഓരോരുത്തരും തിരഞ്ഞെടുക്കേണ്ട വഴിയും മുന്നോട്ടുള്ള യാത്രയും അവരുടെ സ്വഭാവം, സാഹചര്യം, ആവശ്യം എന്നിവയോട് യോജിക്കുന്നതായിരിക്കണം. ഇതിന് ആത്മീയത സഹായിക്കുന്നു.

വിശകലനത്തിനു പരിമിതികളുണ്ട്. നമുക്കറിയുവാൻ പാടില്ലാത്ത ഘടകങ്ങളെ വിശകലനം നടത്താൻ കഴിയില്ല. അവയെ ഉൾപ്പെടുത്തുമ്പോൾ, എന്താകാം എന്ന രൂപകല്പനയാണ് വേണ്ടത്. എന്താകാം എന്ന ചിന്തയ്ക്ക് പരിമിതികളില്ല. ഈ ചിന്ത നയിക്കുന്ന പ്രവൃത്തികൾക്ക് പരിമിതികളുണ്ട്. പക്ഷേ അവ ഒരുക്കുന്ന അവസരങ്ങൾ വിവിധ സാധ്യതകളും നൽകുന്നു. ഈ സാധ്യതകളുടെ അടിസ്ഥാനത്തിൽ, രൂപകല്പന നടത്തുമ്പോൾ വഴി തെറ്റാതിരിക്കാൻ അടിസ്ഥാന മൂല്യങ്ങളിലേക്കു ശ്രദ്ധ തിരിക്കണം. നാം പ്രാധാന്യം കൊടുക്കുന്ന മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വിവേകത്തോടെ ഉചിതമായ സാധ്യതകളെ തിരഞ്ഞെടുക്കുക. അവയിൽ ശ്രദ്ധ കൊടുത്ത്, അവയെ ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുക. അതിന് ആത്മീയത സഹായിക്കും.

**ശരീരശാസ്ത്രവും വൈദ്യശാസ്ത്രവും ആത്മീയതയും**

ശരീരശാസ്ത്രം പഠിക്കുമ്പോൾ ശരീരത്തെ വിവിധ ഭാഗങ്ങളായി (അനാട്ടമി) കൃത്രിമമായി വിഭജിച്ച് പഠിക്കുന്നു. അവയെ തിരിച്ചറിയുന്നതിനു പേരും നൽകുന്നു. ശരീരത്തിന്റെ പ്രവർത്തനത്തെയും വിവിധ ഭാഗങ്ങളായി വിഭജിച്ച് വിശദീകരിക്കുന്നു. (ഫിസിയോളജി, ബയോകെമിസ്ട്രി). ശരീരത്തിന്റെ തകരാറുകളെ നാം (പത്തോളജി) രോഗങ്ങൾ എന്നും പറയുന്നു. രോഗ

നമുക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് ഇങ്ങനെ പെട്ടെന്ന് പരിഹാരം കാണുവാൻ കഴിയുന്നത്. അങ്ങനെ സങ്കീർണമായ വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിന് തലച്ചോർ സഹായിക്കുന്നു.

ഇങ്ങനെ ചെയ്താൽ ശരിയാകാം, അങ്ങനെ ചെയ്താൽ ശരിയാകില്ല എന്ന തോന്നൽ ചിലപ്പോൾ തലച്ചോർ നമുക്കു നൽകും. യുക്തിക്കു നിരക്കുന്ന കാര്യങ്ങളാകണമെന്നില്ല. മനുഷ്യന്റെ പെരുമാറ്റത്തിന്റെ കാര്യത്തിൽ യുക്തി പ്രയോഗിച്ച് എല്ലാ അവസരങ്ങളിലും മുന്നോട്ടു പോകാൻ കഴിയില്ല. യുക്തി ഉപയോഗിച്ചുകൊണ്ടുള്ള തീരുമാനം തെറ്റുമാകാം. യുക്തി കൊണ്ട് മനുഷ്യന്റെ ചിന്തയെ വിശദീകരിക്കുവാനും പലപ്പോഴും സാധ്യവുമല്ല. ഇങ്ങനെയുള്ള നിഗമനങ്ങളെ ശാസ്ത്ര ചിന്തയുടെ അടിസ്ഥാനത്തിൽ തെളിയിക്കാൻ പലപ്പോഴും കഴിയുകയില്ലെങ്കിലും പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്രദമാണ്. ശാസ്ത്രചിന്തയുടെ അടിസ്ഥാനത്തിൽ മാത്രം ജീവിക്കുവാൻ കഴിയില്ല. തീരുമാനങ്ങൾ എടുക്കുമ്പോൾ മനസിലുണ്ടാകുന്ന തോന്നലും കൂടി കണക്കിലെടുക്കണം. മനുഷ്യ സ്വഭാവത്തിന്റെ ഭാഗമായ വിദ്വേഷം, അക്രമം തുടങ്ങിയവ കുറയ്ക്കുന്ന കാര്യത്തിൽ ശാസ്ത്രചിന്തയ്ക്ക് വിജയിക്കുവാൻ കഴിയും എന്നു തോന്നുന്നുമില്ല.

**ശാസ്ത്രീയ നിഗനമങ്ങളുടെയും വിലകലനത്തിന്റെയും പരിമിതി**

ശാസ്ത്രീയ നിഗമനങ്ങളെ ആധികാരികമെന്നു കണക്കാക്കാമെങ്കിലും അവ പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ പ്രയോഗക്ഷമമാകുകയുള്ളൂ. അതുകൊണ്ട് ഒരു പ്രത്യേക സാഹചര്യത്തിൽ എന്തു ചെയ്യണമെന്ന് വിശകലനം ചെയ്യുന്ന ആൾ അദ്ദേഹത്തിന്റെ അറിവിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ വിവേകപൂർവ്വം നിഗമനത്തിലെത്തണം. ഒരാളുടെ ദർ

ച്ചേർന്നാൽ തെറ്റെന്നു നാളെ പറഞ്ഞേക്കാം. ഇന്നു അശാസ്ത്രീയമെന്നു പറയുന്നത് നാളെ ശാസ്ത്രീയമെന്നും പറഞ്ഞേക്കാം.

**ആറാമത്തെ ഇന്ദ്രിയമോ?**

ഒരു വിഷയത്തെ ഏതൊക്കെ ഘടകങ്ങൾ എങ്ങനെയൊക്കെ സ്വാധീനിക്കും എന്ന കാര്യത്തിൽ തീർച്ചയുണ്ടെങ്കിൽ കൃത്യമായ ശാസ്ത്രീയ നിഗമനങ്ങളിൽ എത്താം. കാലാവസ്ഥയെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളും ഏതാണെന്ന് വ്യക്തമായി അറിയില്ല. അതുകൊണ്ട് കാലാവസ്ഥ കേന്ദ്രത്തിൽ ലഭിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ പോലും കാലാവസ്ഥ പ്രവചനം പൂർണമായി ശരിയാകുകയില്ല. കിട്ടുന്ന വിവരങ്ങളും സൂചനകളും കാലാവസ്ഥയും തമ്മിലുള്ള ബന്ധം സങ്കീർണമായ വിശകലനത്തിനുശേഷവും കൃത്യമായി അറിയുവാൻ കഴിയില്ലെങ്കിലും നിരന്തരമായ പരിശീലനം കൊണ്ട് ഒരു പരിധിവരെ പ്രവചിക്കുവാൻ കഴിയും.

മനുഷ്യസ്വഭാവത്തിന്റെ കാര്യത്തിൽ ഒരു പ്രവൃത്തിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ അനവധിയാണ്. നമുക്കറിയാൻ പാടില്ലാത്ത ഘടകങ്ങൾ ഉള്ളതുകൊണ്ട് ഇവ കൂടിച്ചേരുമ്പോൾ ഉണ്ടാകുന്ന അനന്തരഫലം എന്താകാമെന്ന് പൂർണമായും പ്രവചിക്കുവാൻ കഴിയില്ല. നിരന്തരമായ പഠനങ്ങളിൽ നിന്നും ജീവിതാനുഭവങ്ങളിൽ നിന്നും നാം പഠിക്കുന്ന കാര്യങ്ങൾ വിവേകത്തോടെ ഉപയോഗിച്ച് പ്രയോജനപ്രദമായ നിഗമനങ്ങിലെത്തി തീരുമാനം എടുക്കാൻ നമ്മെ സഹായിക്കുന്നു.

വളരെ സമയം ചിന്തിച്ചിട്ടും പരിഹാരമില്ല എന്നു തോന്നിക്കുന്ന ചില സങ്കീർണമായ പ്രശ്നങ്ങൾ നമുക്കുണ്ടാകും. രാത്രി ഉറങ്ങി എഴുന്നേൽക്കുമ്പോൾ, കുളിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റേതെങ്കിലും കാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് മനസിൽ ഉത്തരം തെളിഞ്ഞു വരും. നമ്മുടെ ഉപബോധമനസ്

ത്തെ സാധാരണമായി നിർവചിക്കുന്നത് ശാസ്ത്രചിന്തയുടെ അടിസ്ഥാനത്തിലാണ്. രോഗങ്ങളെപ്പറ്റി പറയുമ്പോൾ ആത്മീയ ഘടകങ്ങൾ പൊതുവേ ഒഴിവാക്കപ്പെടുകയാണ്.

തികച്ചും ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിയുന്നതിനുമപ്പുറമാണ് ശരീരത്തിന്റെ പ്രവർത്തനവും ജീവനും. അതുപോലെ ആരോഗ്യവും രോഗവും. നമുക്കറിയാൻ വയ്യാത്ത ഒരുപാടു ഘടകങ്ങൾ ജീവന്റെയും രോഗത്തിന്റെയും ഭാഗമാണ്. ജീവന്റെ ആത്മീയ തലത്തെപ്പറ്റി ചർച്ച ചെയ്യുവാൻ ആധുനിക വൈദ്യ ശാസ്ത്രത്തിനു പൂർണമായി കഴിയുന്നില്ല. പക്ഷേ പ്രായോഗിക തലത്തിൽ ആ ത്മീയ തയും കൂടി ചേർന്നതാണ് ജീവിതവും ആരോഗ്യവും എന്നു തോന്നുന്നു.

ആധുനിക വൈദ്യശാസ്ത്രം യുക്തിയുടെ, ശാസ്ത്രത്തിന്റെ, തർക്കരഹിതമായ സമകാലിക തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമല്ല പ്രവർത്തിക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള, തലമുറകളായി കൈമറിഞ്ഞു വന്ന വിവേകത്തിന്റെയും മനസിലാക്കിയ പല കാര്യങ്ങളുടെയും കൂടി അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത് . വിവേകത്തിന്റെ ഈ തിരിച്ചറിവിനോടൊപ്പം അനുകമ്പയും ചേർന്നാൽ രോഗിയും ഡോക്ടറും തമ്മിലുള്ള പരസ്പരവിശ്വാസം വികസിപ്പിക്കുന്നതിന്റെ ആരംഭം കുറിക്കുന്നു.

ആരോഗ്യത്തെയും പ്രകൃതിയിലെ പ്രതിഭാസങ്ങളെയും ഓരോരുത്തർ അവരവരുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിവരിക്കുന്നു, നിർവചിക്കുന്നു. ആത്മീയതയെപ്പറ്റി വ്യക്തമായ നിർവചനത്തോടെ നിഗമനത്തിലെത്തുവാൻ പ്രയാസമാണ്. പക്ഷേ ആത്മീയ ചിന്ത മൂലം പല രോഗങ്ങളിൽ നിന്നും ആശ്വാസം കിട്ടുന്നു. ആത്മീയതയിൽക്കൂടി ജീവിതത്തിന് ഒരു ഉദ്ദേശ്യവും അർത്ഥവും ഉണ്ടാകുമ്പോൾ പ്രശ്നങ്ങളെ തരണം ചെയ്യുവാൻ എളുപ്പമാണ്. അമിത രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം ആത്മഹത്യ എന്നിവ കുറയുന്നു.

ഹൃദയമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് 31 വർഷം പൂർത്തിയാക്കിയ ആളുടെ ആരോഗ്യരഹസ്യം ഡോക്ടർമാരുടെ വിദഗ്ദ്ധോപദേശമനുസരിച്ചു ജീവിക്കുന്നതിനു പുറമേ പ്രത്യാശയോടെയും ശുഭാപ്തി വിശ്വാസത്തോടെയുമുള്ള ചിന്തയുമാണ്. ശാസ്ത്രത്തിനു വിദഗ്ദ്ധോപദേശം നൽകുവാൻ കഴിയും. പ്രത്യാശയോടും ശുഭാപ്തിവിശ്വാസത്തോടെയും ജീവിക്കുന്നതിന് ആത്മീയത സഹായിക്കുന്നു.

ശാസ്ത്രത്തിനു നിർവചിക്കുവാൻ പ്രയാസമുള്ള മറ്റു മാനങ്ങൾ ജീവിതത്തിനുണ്ട്. ഇത് അറിയാത്തവരുണ്ട്. അറിയാമെങ്കിലും അതിലേക്ക് ശ്രദ്ധ തിരിക്കാത്തവരുമുണ്ട്. അതുകൊണ്ട് ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ ഭൗതിക കാര്യങ്ങളിൽ താരതമ്യേന കൂടുതൽ ഊന്നൽ കൊടുക്കുന്നു. അപ്പോൾ ജീവിതാനുഭവങ്ങൾ കൂടുതലാളുകളെയും വ്രണപ്പെടുത്തുന്നു. ആത്മീയ കാര്യങ്ങൾക്കും പ്രാധാന്യം നൽകിയാൽ തിക്തമായ ജീവിതാനുഭവങ്ങൾ പോലും ആളുകളെ കൂടുതൽ വിവേകമുള്ളവരാക്കും. ജീവിതത്തെ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ആത്മീയത സഹായിക്കും.

**അല്പം ശാസ്ത്രം കൂടി...**

ശുഭാപ്തി വിശ്വാസത്തോടും പ്രത്യാശയോടും കൂടി ചിന്തിക്കുമ്പോൾ തലച്ചോറിന്റെ ഇടതുവശത്തെ കേന്ദ്രത്തിനെ (left pre-frontal cortex) പ്രവർത്തിപ്പിക്കുന്നു. അതുമൂലമുണ്ടാകുന്ന രാസപദാർത്ഥങ്ങൾ രോഗപ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നു, രോഗശമനത്തിന്റെ വേഗത കൂട്ടുന്നു. വലതുവശത്തെ (right prefrontal cortex) പ്രവർത്തനക്ഷമമാക്കുമ്പോൾ നി ഷേധാത്മക ചിന്തവരുന്നു. അപ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന രാസപദാർത്ഥങ്ങൾ രോഗശമനത്തിനു തടസമാകുന്നു.

ആത്മീയതയിൽ ശ്രദ്ധിക്കുമ്പോൾ തലച്ചോറിന്റെ വലതുവശത്തിലെ കേന്ദ്രത്തിന്റെ പ്രവർത്തനം കുറയുകയും ഇടതുവശത്തിന്റെ പ്രവർത്തനം കൂടുതലാവുകയും ചെയ്യുന്നു. അപ്പോൾ മനസിൽ നശീകരണ വികാരങ്ങൾ ഉണ്ടാക്കുന്നതിനു പകരം അക്ഷോഭ്യതയും പ്രശാന്തതയും ഉണ്ടാകും.

തലച്ചോറിന്റെ വിവിധഭാഗങ്ങളാണ് മനുഷ്യന്റെ വിവിധ ചിന്തകളെയും പ്രവൃത്തികളെയും നിയന്ത്രിക്കുന്നത്. വികാരങ്ങളുടെ ഉറവിടം തലച്ചോറിന്റെ ഉള്ളിലുള്ള ഒരു കേന്ദ്രത്തിൽ നിന്നാണ്. അവയെ നിയന്ത്രിച്ച് കാര്യങ്ങൾ നടപ്പിലാക്കുന്നത് തലച്ചോറിലെ വേറൊരു കേന്ദ്രമാണ്. വിശകലനത്തിനുള്ള കഴിവ്, സാങ്കേതിക കാര്യങ്ങൾ പഠിക്കാനുള്ള കഴിവ് (ഉദാ: ഒരു മൊബൈൽ ഫോൺ പ്രവർത്തിപ്പിക്കാൻ പഠിക്കുക) തുടങ്ങിയവ തലച്ചോറിന്റെ ഒരു ഭാഗത്താണ് നിക്ഷിപ്തമായിരിക്കുന്നത്. ഇവ പെട്ടെന്നു പഠിക്കാം.

പക്ഷേ മനുഷ്യ സ്വഭാവവുമായി ബന്ധപ്പെട്ട പുതിയ ശീലങ്ങൾ പഠിക്കുവാനുള്ള കഴിവ് തലച്ചോറിന്റെ വേറൊരു ഭാഗത്താണ്. അവ സാവകാശമേ പഠിക്കുവാൻ കഴിയൂ. ഒരു സെമിനാറിൽ പങ്കെടുത്തതുകൊണ്ടൊ ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തതുകൊണ്ടോ മാത്രമായില്ല, നിരന്തര പരിശീലനം വേണം. മറ്റുള്ളവരിൽനിന്ന് പ്രതികരണം വേണം. പുതിയ ശീലങ്ങൾ പഠിക്കുന്നതിനേക്കാൾ കൂടുതൽ സമയം വേണം പഴയശീലങ്ങൾ മാറ്റണമെങ്കിൽ. അതിന് ശക്തമായ പ്രതിജ്ഞാബദ്ധത വേണം. ഈ കാര്യത്തിൽ പ്രചോദനത്തിന് പ്രധാന പങ്കുണ്ട്.

**നിരന്തര പരിശീലനം ആവശ്യം**

ഭൗതികശരീരത്തിന്റെ ആരോഗ്യം കാലം മുന്നോട്ടു പോകുന്തോറും കുറഞ്ഞു പോകും. ബാഹ്യസൗന്ദര്യവും അങ്ങനെ തന്നെ. ചെറുപ്പകാലം മുതൽ ശരീരത്തിൽ മാത്രം ശ്രദ്ധിച്ചുകൊണ്ടിരുന്നാലും അതിന്റെ

പ്രവർത്തനത്തിന് തകരാറുണ്ടാകും. എന്നാണെന്ന് തീർച്ചയില്ല എന്നു മാത്രം. നാം ജീവിതം ആരംഭിക്കുമ്പോൾ മുതൽ ആത്മീയ ആരോഗ്യത്തിനും പ്രാധാന്യം നൽകിയാൽ ജീവിതം- പ്രത്യേകിച്ചും വാർദ്ധക്യകാലം- സന്തോഷപ്രദമാകും.

മുതിർന്നവർക്കും വ്യക്തിപരമായ നൈപുണ്യങ്ങൾ മാറ്റാം. പ്രായമായാലും തലച്ചോറിലെ കോശങ്ങൾ തമ്മിലുള്ള പുതിയ ബന്ധങ്ങൾ ഉണ്ടാക്കാം. തലച്ചോറിലെ കോശങ്ങൾ തമ്മിൽ പുതിയ ബന്ധങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് ജീവിതത്തിലുടനീളം തുടരുന്നു. പ്രായഭേദമില്ലാതെ നിരന്തര പരിശ്രമത്തിലൂടെ എല്ലാവർക്കും പുതിയ നല്ല ശീലങ്ങൾ ഉണ്ടാക്കാം. പ്രതിഫലം തീർച്ചയായും കിട്ടും.

ഇപ്പോൾ മത്തായിയുടെ സുവിശേഷം (20: 1 -16) ഓർമിക്കുക. സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിനു പുലർച്ചക്കു പുറപ്പെട്ട വീട്ടുടയവനോടു സദൃശം...

മുന്തിരിത്തോട്ടത്തിൽ പണിയെടുക്കുവാൻ വേലക്കാർക്ക് പല അവസരങ്ങൾ ഉണ്ടായി. ആദ്യ അവസരങ്ങൾ നഷ്ടപ്പെട്ടവർക്ക് വീട്ടുടയവൻ വീണ്ടും അവസരം നൽകി. പതിനൊന്നാം മണി നേരത്തു ജോലിയിൽ പ്രവേശിച്ചവർക്കും മറ്റുള്ളവർക്കൊപ്പം പ്രതിഫലം കിട്ടി. ഇവിടെ നാം മനസിലാക്കേണ്ട ഒരു പ്രധാന കാര്യം ഉണ്ട്. ചെറുപ്പകാലത്ത്, ആരോഗ്യമുള്ള സമയത്ത് അറിഞ്ഞോ അറിയാതെയോ തെറ്റായ രീതിയിൽ ജീവിച്ച് സാമ്പത്തിക ബാധ്യതയും അനാരോഗ്യവും സമ്പാദിച്ചവർക്കും എത്ര താമസിച്ചാണെങ്കിലും ശരിയായ ജീവിതശൈലിയിലേക്ക് തിരിച്ചുവന്ന് ആരോഗ്യം വീണ്ടെടുക്കുവാൻ അവസരമുണ്ട്. പക്ഷേ കിട്ടുന്ന അവസരം ഉപയോഗിക്കണം എന്നു മാത്രം.

**ചുരുക്കത്തിൽ ...**

ആരോഗ്യത്തെ ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയവ വ്യത്യസ്ത കാഴ്ചപ്പാടോടെയാണ് കാണുന്നത്. വ്യത്യസ്ത കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ആരോഗ്യത്തെ വ്യത്യസ്തമായി നിർവചിക്കുന്നു. അതുകൊണ്ട് ഒരാളുടെ കാഴ്ചപ്പാട് ശരി, വേറൊരാളുടെ കാഴ്ചപ്പാട് തെറ്റ് എന്നു പറയുക പ്രയാസം. രണ്ടും ശരിയാകാം. ഒരു കാഴ്ചപ്പാടു മാത്രമാണ് ശരി എന്ന തീരുമാനത്തിലിരുന്നാൽ അത് പ്രശ്നങ്ങളിലേക്കു നമ്മെ എത്തിക്കും. കുരുടർ ആനയെ കണ്ടതുപോലെ ഓരോരുത്തരുടെയും കാഴ്ചപ്പാടിൽ അവരവരുടെ നിഗമനം ശരിയാണ്. ഒന്നു മാത്രമാണ് ശരി എന്ന് കടുംപിടുത്തം വേണ്ട. ധാർഷ്ട്യം ഒഴിവാക്കാം.

ഒരു മനുഷ്യ ജന്മത്തിൽ എല്ലാ അറിവുകളും നേടുവാൻ കഴിയില്ല. ശാസ്ത്ര കാര്യത്തിലായാലും ആത്മീയ കാര്യത്തിലായാലും നമുക്കുള്ള അറിവിന് പരിമിതിയുണ്ട്. പരിമിതമായ അറിവുകൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടുപോകണം. നമുക്ക് അറിവുണ്ട് എന്നറിയണം. അറിവില്ല എന്ന അറിവും വേണം.

ഇപ്പോൾ നമുക്കു ലഭ്യമായ തെളിവുകളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ ആത്മീയതയെ പ്രയോജനപ്പെടുത്താം.

## CORRECTION CORNER

ഇത്തവണ Correction Corner-ൽ സഭയുടെ വിശ്വാസപ്രമാണത്തിലെ ചില പദപ്രയോഗങ്ങളെക്കുറിച്ചു സംശയം ഉന്നയിക്കുകയും തിരുത്തൽ നിർദ്ദേശിക്കുകയുമാണ്.

(1) ആദ്യഖണ്ഡികയിൽ 'സകലത്തിന്റെയും സ്രഷ്ടാവായ' എന്നു പറയുന്നതിനാൽ രണ്ടാം ഖണ്ഡികയിലെ 'സകലവും താൻ മുഖാന്തരമായി നിർമ്മിച്ചവനും' എന്നത് ആവർത്തനമല്ലേ? രണ്ടാം ഖണ്ഡികയിലേത് വിട്ടുകളഞ്ഞുകൂടെ?

(2) രണ്ടാം ഖണ്ഡികയിൽ 'വി. റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നു ശരീരിയായിത്തീർന്നു മനുഷ്യനായി' എന്നു കാണുന്നു. ദൈവമാതാവിൽ നിന്ന് ശരീരിയാവുകയല്ലല്ലോ. മറിച്ച് പുത്രൻ തമ്പുരാൻ വി. കന്യക മറിയാമിൽ നിന്ന് ശരീരിയായിത്തീർന്നപ്പോൾ അവൾ ദൈവമാതാവായിത്തീരുകയല്ലേ ചെയ്തത്? വി. കന്യകമറിയാമിൽ നിന്നു ശരീരിയായിത്തീർന്നു എന്നു പറയുമ്പോൾ തന്നെ കന്യക മറിയാം ദൈവമാതാവാണെന്നു വ്യക്തമല്ലേ? അതിനാൽ 'ദൈവമാതാവായ' എന്ന വിശേഷണം അവിടെ അധികപ്പറ്റല്ലേ?

(3) അവസാന ഖണ്ഡികയിൽ 'പാപമോചനത്തിന് മാമ്മോദീസാ ഒന്നു മാത്രം/ഒരിക്കൽ മാത്രം എന്ന് ഏറ്റുപറഞ്ഞ്' എന്നുകാണുന്നു., ഇവിടെ മാമ്മോദീസായുടെ എണ്ണത്തിന് ഊന്നൽ നല്കുന്ന പ്രതീതിയാണുള്ളത്. അതു ശരിയല്ല. മാമോദീസായിൽ വിശ്വസിച്ച് ഏറ്റുപറയുന്നു എന്ന വസ്തുതയ്ക്കാണ് പ്രാമുഖ്യം നൽകേണ്ടത്. അതിന്റെ എണ്ണത്തിനൊ തവണയ്ക്കോ അല്ല. അതുകൊണ്ട് 'പാപമോചനത്തിനുള്ള ഏക മാമോദീസായിൽ ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുകയും' എന്നു ചൊല്ലുന്നതല്ലേ ശരി? ഈ വാകൃത്തിൽ രണ്ടാമത്തെ 'ഞങ്ങൾ' ആവശ്യമില്ലാത്തതിനാൽ വിട്ടുകളയേണ്ടതുമാണ്.

(4) വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവിതത്തിനാണല്ലോ നോക്കിപ്പാർക്കുന്നത്. പുതിയ ജീവനു വേണ്ടിയല്ല. പുതിയ ജീവൻ ഉയിർപ്പിൽ തന്നെ ലഭിക്കുന്നു. ജീവിതമാണ് തുടരുന്നത് അതുകൊണ്ട് 'പുതിയ ജീവിതത്തിനുമായി' എന്നാണ് ചൊല്ലേണ്ടത്. ജീവനും ജീവിതത്തിനും ഇംഗ്ലീഷിൽ ഒരു വാക്കു മാത്രം (life) ഉള്ളതാകാം ഈ തെറ്റു സംഭവിക്കാൻ കാരണം.

# പരിശുദ്ധ സഖാ പ്രഥമൻ ബാവ: ഒരു ചരമക്കുറിപ്പ്

**ഡോ. തോമസ് അത്താനാസ്യോസ്**

സിറിയക്ക് ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പ. സഖാ പ്രഥമൻ ബാവയുടെ ദേഹവിയോഗം ആകസ്മികമായിരുന്നില്ല. വാർദ്ധക്യം, രോഗാവസ്ഥ, പ്രവാസ ജീവിതം എന്നിവ കൊണ്ട് കുറേ കാലമായി പരിക്ഷീണനായിരുന്ന അദ്ദേഹത്തിന്റെ മരണം എന്നു വേണമെങ്കിലും സംഭവിക്കാമായിരുന്നു അതുകൊണ്ട് ഭൗതിക ജീവിതത്തിൽ നിന്നുള്ള വിടവാങ്ങൽ പ. പിതാവിനെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഒരനുഭവമായിരുന്നു എന്നു വേണം ചിന്തിക്കുവാൻ. പ. പിതാവിന് ദൈവം നിത്യശാന്തി നൽകട്ടെ.

ഞാൻ ഈ കുറിപ്പ് എഴുതണ്ട എന്ന് പല പ്രാവശ്യം ചിന്തിച്ചതാണ്. എങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയ കാര്യങ്ങൾ പങ്കു വയ്ക്കുന്നതിൽ അപാകതയില്ല എന്ന ധാരണ ഈ അനുസ്മരണം തയ്യാറാക്കുന്നതിന് എന്നെ പ്രേരിപ്പിക്കുകയായിരുന്നു. കേരളത്തിലെ മാധ്യമങ്ങളും മത നേതാക്കന്മാരും രാഷ്ട്രീയ പ്രവർത്തകരുമെല്ലാം അദ്ദേഹത്തെ ഒരു അതിമാനുഷനും, യുഗ പ്രഭാവനായ അദ്ധ്യാത്മിക നേതാവുമായി അവതിരിപ്പിച്ചപ്പോൾ അതിൽ നിന്ന് വ്യത്യസ്തമായി എനിക്ക് അനുഭവപ്പെട്ട ചില കാര്യങ്ങൾ രേഖപ്പെടുത്താതിരുന്നാൽ അദ്ദേഹത്തിന്റെ ജീവിതചിത്രം പൂർണ്ണമായിരിക്കുകയില്ല എന്ന എന്റെ ചിന്തയും ഇത് കുറിക്കുവാൻ പ്രേരണ നൽകി. സത്യം അന്വേഷിക്കുന്നവർക്ക് അത് മനസ്സിലാക്കാനൊരവസരവും ലഭിക്കണമല്ലോ.

മത നേതൃത്വത്തിൽ ഉണ്ടായിരുന്ന ഒരു വ്യക്തിയെപ്പറ്റി ചരമക്കുറിപ്പ് എഴുതുമ്പോൾ വ്യക്തിപരമായ പരാമർശങ്ങൾക്ക് വലിയ പ്രസക്തിയില്ല എന്നത് ശരിയാണ്. കാരണം അവർ ഓർമ്മിക്കപ്പെടുന്നത് അതിന്റെ പേരിൽ ആയിരിക്കയില്ലല്ലോ. എന്നാൽ എനിക്ക് കുറെയൊക്കെ വ്യക്തിപരമായി ഇടപെടേണ്ടി വന്നിട്ടുള്ള മനുഷ്യനെന്ന നിലയിൽ വ്യക്തിപരമായ പരാമർശങ്ങൾ തീർത്തും ഒഴിവാക്കി ഒരു ചരമ പ്രതികരണ രചന നടത്തുന്നത് നീതിയായിരിക്കില്ല. നാലു പ്രാവശ്യം പരി. പാത്രിയർക്കീസ് ബാവയെ അദ്ദേഹത്തിന്റെ ആസ്ഥാനമായ ദമാസ്ക്കസിൽ സന്ദർശിക്കുവാനുള്ള സന്ദർഭം എനിക്ക് ലഭിച്ചു. ഒരോ പ്രാവശ്യവും അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ച് ഏതാനും ദിവസങ്ങൾ അവിടെ പാർക്കുകയും ചെയ്തു. ആദ്യ സന്ദർശനം 1983-ൽ ഞാൻ പശ്ചിമ ജർമ്മനിയിൽ ഗവേഷണ പഠനം നടത്തുന്ന കാലത്തായിരുന്നു. ആയിടയ്ക്ക് എന്റെ യാത്ര സിറിയൻ അറബ് എയർ ലൈൻസ് വഴി ആയിരുന്നു. ബോംബെയിൽ നിന്ന് തിരിക്കുന്ന വിമാനം ദമാസ്ക്കസ് വരയേ പോകൂ. അവിടെ നിന്ന് ആ എയർലൈൻസിന്റെ തന്നെ മറ്റൊരു വിമാനത്തിലാണ് തുടർ യാത്ര. ഒരു പ്രാവശ്യത്തെ യാത്ര ഇടയ്ക്കു നിർത്തിയാണ് ബാവായെ സന്ദർശിച്ചത്. എന്റെ സന്ദർശനം ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവ പാത്രിയർക്കേറ്റിൽ അറിയിച്ചിരുന്നതുകൊണ്ട് അരമനയിൽ നിന്ന് ഒരു റമ്പാച്ചൻ എയർപോർട്ടിൽ വന്ന് എന്നെ കൊണ്ടുപോകുകയായിരുന്നു. ഏതാനും ദിവസങ്ങൾ അരമനയിൽ താമസിച്ച ശേഷമാണ് പഠന സ്ഥലത്തേയ്ക്ക് ഞാൻ യാത്ര തുടർന്നത്. താമസിച്ച ദിവസങ്ങളിലെല്ലാം ഒരു നേരം ഭക്ഷണം ബാവായോടൊപ്പമായിരുന്നതിനാൽ പരിചയപ്പെടുന്നതിന് അവസരം കിട്ടി. അതു കൂടാതെ ഒന്നു രണ്ടു പ്രവാശ്യം വ്യക്തിപരമായി സംസാരിക്കുവാനുള്ള സൗകര്യവും ലഭിച്ചു. സംസാര വിഷയങ്ങൾ ജർമ്മനിയിലെ പഠന കാര്യങ്ങൾ, നാട്ടിലെ കുടുംബ-സഭാവിശേഷങ്ങൾ, അദ്ദേഹം ഇൻഡ്യയിൽ വന്നതിനെക്കുറിച്ചുള്ള ഓർമ്മകൾ എന്നിവയൊക്കെയായിരുന്നു. ഞാൻ മെത്രാപ്പോലീത്ത സ്ഥാനം ഏറ്റെടുത്ത ശേഷം അദ്ദേഹത്തിന്റെ ഒരു പ്രത്യേക ക്ഷണം എനിക്കു ലഭിക്കുകയുണ്ടായി. ഞാൻ വാഴിക്കപ്പെട്ടത് മൂവാറ്റുപുഴയിൽ വച്ചായിരുന്നെങ്കിലും വൈകാതെ തന്നെ വ്യക്തിപരമായ ഒരനുഗ്രഹ കൽപനയും കാമേഷ്ലിയിലെ മെത്രാപ്പോലീത്ത മാത്താറോഹോം ഓസ്ത്താത്തിയോസിന്റെ വാഴ്ചയിൽ സംബന്ധിയ്ക്കുവാനുള്ള ക്ഷണക്കത്തും കിട്ടി. എന്നാൽ അന്ന് പോകാൻ തരപ്പെട്ടില്ല. 1993-ൽ അടുത്ത ക്ഷണം കിട്ടിയപ്പോഴാണ് സന്ദർശനത്തിന് തിരിച്ചത്. ഇതിനിടെ അന്തോഖ്യാ പാത്രിയർക്കീസ് ബാവ മലങ്കരസഭയിൽ വ്യവസ്ഥാപിതമല്ലാതെ ഇടപെടുന്നതിനെതിരായി 'ഡയോസിഷൻ ബുള്ളറ്റിനിൽ' നാല് ലേഖനങ്ങൾ ശക്തിയായ ഭാഷയിൽ ഞാൻ എഴുതിയിരുന്നു. ഈ ലേഖനങ്ങളുടെ ഉള്ളടക്കം ആരോ പാത്രിയർക്കീസ് ബാവയെ ധരിപ്പിച്ചിരുന്നു. അതിനുശേഷമായിരുന്നു എന്റെ യാത്ര എങ്കിലും ഹൃദ്യമായ സ്വീകരണമാണ് എനിക്ക് ലഭിച്ചത്. പഴയ ദമാസ്കസിലെ അദ്ദേഹത്തിന്റെ ആസ്ഥാനത്ത് സ്വീകരണമുറിയിൽ ഇറങ്ങി വന്ന് എന്നെ സ്വീകരിച്ചു. ഏതാനും ദിവസം താമസിച്ച് വളരെ തുറന്ന മനസ്സോടെ സഭാ സംബന്ധമായ വിഷയങ്ങൾ സ്വതന്ത്രമായി സംസാരിക്കാൻ അവസരം കിട്ടി.

പിന്നീട് രണ്ടു പ്രാവശ്യം പോയത് 1995 ലെ സഭാ കേസ് വിധിയ്ക്കു ശേഷം തുടർ നടപടികളെപ്പറ്റി അദ്ദേഹവുമായി ആലോചിക്കുവാൻ വേണ്ടിയായിരുന്നു. ഏബ്രാഹം മാർ

സേവേറിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, സഖറിയാസ് മാർ നിക്കോളാവോസ് എന്നീ മെത്രാപ്പോലീത്തമാരും കൂടെയുണ്ടായിരുന്നു. ചർച്ചകളെല്ലാം വളരെ തൃപ്തികരമായിരുന്നു. സുപ്രീംകോടതിയുടെ വിധിപ്രകാരം ഇരുവിഭാഗങ്ങളും യോജിക്കുന്നതാണ് സഭയ്ക്ക് നല്ലതെന്നും, രണ്ടായി നിൽക്കാനാണ് ബാവായുടെ തീരുമാനമെങ്കിൽ നിയമപരമായി അവകാശങ്ങൾ നഷ്ടപ്പെട്ട സഭാ സ്ഥാപനങ്ങളിൽ നിന്നും പള്ളികളിൽ നിന്നും പിൻമാറി പുതിയ സംവിധാനം ഉണ്ടാക്കുകയാണ് വേണ്ടതെന്നും ഞങ്ങൾ നിർദ്ദേശിച്ചു. ഭിന്നിച്ചു നിൽക്കാനല്ല യോജിച്ച് പോകുവാനുള്ള അന്വേഷണങ്ങൾ തുടരുവാൻ ആഹ്വാനം ചെയ്ത് ഞങ്ങളെ തിരിച്ചയച്ചു. ഓരോ പ്രാവശ്യവും പാത്രിയാർക്കീസ് ബാവ തികഞ്ഞ ആതിഥ്യ മര്യാദകൾ പാലിക്കുകയും കൂടി കാഴ്ചകൾ പരമാവധി സൗഹൃദപൂർവ്വമാക്കുവാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഇടപെടലുകളെല്ലാം വളരെ ഹൃദ്യമായിരുന്നു. വ്യക്തിപരമായ അനുഭവങ്ങൾ കൂടി ഈ രചനയുടെ ഭാഗമാകണമെന്നു കരുതിയാണ് അവ ആദ്യം തന്നെ കുറിച്ചത്.

എന്നാൽ വ്യക്തിപരമായ അനുഭവങ്ങൾ ഊതി വീർപ്പിച്ച് ഉയർന്ന നിലയിൽ പ്രവർത്തിച്ച ആളിന്റെ വ്യക്തിത്വം പരിമിതപ്പെടുത്തുവാൻ ശ്രമിക്കുന്നില്ല. ഒരു വ്യക്തി താനുമായി ബന്ധപ്പെട്ട സമൂഹത്തിനെന്തു ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം അദ്ദേഹത്തിന്റെ വ്യക്തിത്വം അളക്കുക. എന്നാൽ സിറിയക് ഓർത്തഡോക്സ് സഭയ്ക്ക് അദ്ദേഹം എന്തെല്ലാം സംഭാവനകൾ നൽകി എന്നതു സംബന്ധിച്ച് എന്തെങ്കിലും പറയുവാൻ ആ വിഷയം സംബന്ധിച്ചുള്ള പരിമിതമായ എന്റെ അറിവ് എന്നെ അനുവദിക്കുന്നില്ല. മലങ്കരസഭയുമായുള്ള ബന്ധത്തിൽ അദ്ദേഹത്തെ പറ്റി എനിക്ക് പറയാനുള്ള ചില വസ്തുതകൾ അനുസ്മരിക്കുന്നതിനു മാത്രമേ ഞാൻ ഉദ്യമിയ്ക്കുന്നുള്ളൂ.

1964-ൽ പരിശുദ്ധ യാക്കോബ് ത്രിതീയൻ പാത്രിയാർക്കീസ് ബാവായുമൊരുമിച്ച് മലങ്കരയിൽ വന്ന് കാതോലിക്കാ വാഴ്ചയിൽ പങ്കെടുക്കുകയും സഭയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് സഭയെ അത്യാവശ്യത്തിന് മസ്സിലാക്കുകയും ചെയ്ത വ്യക്തിയായിരുന്നതു കൊണ്ട് 1981-ൽ ബാഗ്ദാദിലെ മെത്രാപ്പോലീത്തയായിരുന്ന മോമ സേവേറിയോസ് സഖാ ഇവാസ് അന്ത്യോഖ്യാ പാത്രിയാർക്കീസായി അവരോധിക്കപ്പെട്ടപ്പോൾ മലങ്കര സഭ അദ്ദേഹത്തിൽ പ്രതീക്ഷ വച്ചു. എക്യുമെനിക്കൽ രംഗങ്ങളിൽ കുറെയൊക്കെ ഇടപെട്ട വ്യക്തിയെന്ന നിലയിൽ അദ്ദേഹം തന്റെ വിശാല സഭാ വീക്ഷണവും, അനുഭവജ്ഞാനവും കൈമുതലാക്കി മലങ്കര സഭാ പ്രശ്നങ്ങൾ വേണ്ടവിധം മനസ്സിലാക്കി പ്രവർത്തിക്കും എന്ന ധാരണയും എല്ലാവർക്കും ഉണ്ടായിരുന്നു. എന്നാൽ ഇതൊന്നും യാഥാർത്ഥ്യമായില്ല. അദ്ദേഹത്തിന്റെ വാഴ്ചയ്ക്കുശേഷം മലങ്കര സഭയ്ക്ക് അയച്ച കൽപ്പനയിൽ നാമമാത്ര അധികാരത്തോടുകൂടിയ പാത്രീയാർക്കീസ് വിഭാഗത്തിലെ കാതോലിക്കേറ്റ് തന്നെ നിലനിർത്തേണ്ടതില്ല എന്ന കാഴ്ചപ്പാടാണ് അദ്ദേഹം പുലർത്തിയത് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ കാതോലിക്കേറ്റ് സഭാധികാര ശ്രേണിയിൽ ഒരനിവാര്യ കണ്ണി പോലുമല്ല. 1975-ൽ സഭ വീണ്ടും ഭിന്നിച്ചപ്പോൾ വ്യവഹാര വിജയാവശ്യത്തിനുവേണ്ടി സൃഷ്ടിച്ച ഒരു സ്ഥാനമായി മാത്രമേ അതിനെ അദ്ദേഹം കരുതിയിരുന്നുള്ളൂ. കാതോലിക്കേറ്റിന്റെ കാനോനികത്വം, പ്രസക്തി, അനിവാര്യത ഇവയൊന്നും അദ്ദേഹത്തിന് ബോദ്ധ്യമുള്ള കാര്യങ്ങളായിരുന്നില്ല.

അതുപോലെ തന്നെ അദ്ദേഹത്തിന്റെ ഭരണ കാലത്ത് രൂപം കൊടുത്ത സിറിയക് ഓർത്തഡോക്സ് സഭാ രണഘടന പ്രകാരം മലങ്കര എന്നത് അന്ത്യോഖ്യൻ സഭയുടെ ഒരു മെത്രാപ്പോലീത്തൻ ഭദ്രാസനമാണ്. അതുകൊണ്ട് സഖാ പ്രഥമൻ ബാവായെ സംബന്ധിച്ചിടത്തോളം മലങ്കര സഭയുടെ അസ്തിത്വം അജ്ഞാതമാണ്. സുറിയാനി സഭയിലെ ആയിരം കുടുംബങ്ങൾ പോലുമില്ലാതെ ഭദ്രാസനങ്ങളിൽ ഒന്നിന് തുല്യമാക്കി മലങ്കര സഭയെ പരിമിതപ്പെടുത്തുകയും, കാതോലിക്കായെ മെത്രാപ്പോലീത്തയ്ക്ക് സമനാക്കി കാതോലിക്കേറ്റിന്റെ വിലയിടിയ്ക്കുകയുമാണ് അദ്ദേഹം ചെയ്തത്. മലങ്കര സഭയുടെ ചരിത്രം, സ്വന്തം സംസ്കാരം, കോടതി വിധികൾ എന്നിവ അവഗണിച്ചുകൊണ്ടുള്ള പാത്രിയർക്കീസ് ബാവയുടെ കാഴ്ച്ചപ്പാട് കൊളോണിയൻ സമീപനമായി മാത്രമേ മനസ്സിലാക്കാനാവൂ. പാത്രിയർക്കീസ് ബാവയുടെ അടിസ്ഥാന വീക്ഷണത്തിലെ ഈ വൈകല്യംതന്നെ മലങ്കര സഭയുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് സഹായകമായില്ല.

സുറിയാനി സഭയുടെ ശക്തിയും അംഗബലവും ശുഷ്കമാണെന്നറിയാമെങ്കിലും പുരാതനമായ അന്തോഖ്യാ സിംഹാസനത്തിന്റെ അധ്യക്ഷനെ ആദരിയ്ക്കുവാൻ മലങ്കര സഭ സന്നദ്ധമാണ്. എന്നാൽ ആ ബന്ധം വ്യവസ്ഥാപിതവും സഭാ ഭരണഘടനയ്ക്ക് വിധേയവുമായിരിക്കണമെന്ന് മലങ്കര സഭയ്ക്ക് നിർബ്ബന്ധമുണ്ട്. വംശീയാധിപത്യ പ്രവണതയിൽ നിന്ന് പുറത്തു വരാൻ കാലം ചെയ്ത ബാവായ്ക്കും സാധിക്കാതെ വന്നതാണ് പ്രശ്നങ്ങളുടെ അടിസ്ഥാനം.

പാത്രിയാർക്കാ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട് അധികം കഴിയുന്നതിനു മുൻപേ തന്നെ കേരളത്തിലെ അന്നത്തെ ശ്രേഷ്ഠ കാതോലിക്കയുമായി സംഘർഷം ആരംഭിച്ചു. 1981-ലെ ദമാസ്കസ് സിനഡിൽ മലങ്കര സഭയുടെ അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ പണയപ്പെടുത്തിയതിനെ തുടർന്ന് ഉണ്ടായ വിഭാഗീയതയുടെ അന്ത്യത്തിൽ പാത്രിയർക്കീസ് ബാവ ശ്രേഷ്ഠ കാതോലിക്കാ പൗലോസ് ദ്വിതീയൻ ബാവയ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കാരണം കാണിക്കൽ നോട്ടീസ് അയച്ചു. തന്മൂലം ശ്രേഷ്ഠ

ബാവ ഭയപ്പെട്ടു കഴിയുന്ന സന്ദർഭത്തിലാണ് പഠനം പൂർത്തിയാക്കി ഞാൻ നാട്ടിൽ തിരിച്ചെത്തിയത്. പാത്രിയർക്കീസ് ബാവായുടെ നടപടി കാനോന് വിരുദ്ധവും അനീതി പരവുമാണെന്ന് കണ്ടനാട് ഭദ്രാസനത്തിലെ വൈദീകർ ഒന്നടങ്കം പാത്രിയാർക്കീസ് ബാവയെ എഴുതിയറിയിച്ചു. മറ്റു ഭദ്രാസനങ്ങളിൽ നിന്നും ഇത്തരത്തിലുള്ള പ്രതികരണം ഉണ്ടായി. ഏതായാലും മലങ്കര സഭയിൽ നിന്ന് ശക്തമായ എതിർപ്പ് ഈ വിഷയത്തിലുണ്ടായതിനെ തുടർന്ന് ശ്രേഷ്ഠ കാതോലിക്കയെ മുടക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കേണ്ടതായി വന്നു. അങ്കമാലി ദ്രാസനത്തിന്റെ തോമസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തയുമായി ചേർന്നാണ് ശ്രേഷ്ഠ കാതോലിക്കാ ബാവയെ പുറത്താക്കാനുള്ള ശ്രമം നടത്തിയത് എന്നത് എല്ലാവർക്കും അറിയാവുന്ന ഒരു വസ്തുതയായിരുന്നു. വ്യവസ്ഥാപിതമല്ലാത്ത ഇടപെടൽ വഴി നിക്ഷിപ്ത താല്പര്യക്കാരെ കൂട്ടുപിടിച്ച് സഭയുടെ കാനോനിക സ്ഥാപനങ്ങളെ ദുർബലപ്പെടുത്തിയും സ്ഥാനികളെ പുറത്താക്കിയും അധികാരസ്ഥാനം ഉറപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു വ്യക്തിയായിട്ടാണ് എനിക്ക് പാത്രിയർക്കീസ് ബാവായെ കാണാൻ സാധിച്ചത്. അതുകൊണ്ടു തന്നെയാണ് ഞാൻ മെത്രാൻ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടപ്പോൾ കൈവെപ്പ് ശ്രേഷ്ഠബാവയിൽ നിന്ന് മതിയെന്ന് ശഠിച്ചത്.

1995-ലെ കോടതിവിധിക്കു ശേഷം പാത്രിയർക്കീസ് മലങ്കരസയ്ക്ക് അയച്ച കല്പനയെ (E. 175/95) സംബന്ധിച്ച് ആർക്കും ഒരാക്ഷേപവും പറയാനുണ്ടാവില്ല. സഭാസമാധാനത്തിന്റെ ആവശ്യം അടിവരയിട്ട് അതിൽ വ്യക്തമാക്കിയിരുന്നു. വിഭജിതസഭ മനുഷ്യാവതാരത്തിനെതിരെയുള്ള ഏറ്റവും ഹീനമായ സാക്ഷ്യമാണ്. അതിനാൽ സഭയുടെ മഹത്വവസ്ത്രത്തിനു പകരം കുഷ്ഠരോഗിയുടെ ജീർണ്ണവസ്ത്രമാണ് സഭഇന്ന് ധരിച്ചിരിക്കുന്നത് എന്നദ്ദേഹം അതിൽ പറയുമ്പോൾ സഭയ്ക്ക് യോജിക്കാതെ ഒരു കാരണവശാലും നില നിൽപ്പില്ല എന്നാണ് സ്ഥാപിക്കുന്നത്. ഭിന്നിച്ച സഭയിൽ ഐക്യം സൃഷ്ടിക്കാൻ വേണ്ടി താൻ മരുഭൂമിയിൽ തപസ്സനുഷ്ഠിക്കാൻ പോലും മടിക്കില്ല എന്നുവരെ അദ്ദേഹം പറഞ്ഞുവച്ചു. എന്നാൽ അദ്ദേഹംതന്നെ ആവശ്യപ്പെട്ട ഐക്യത്തിനുവേണ്ടി ചെറുവിരലനക്കാൻ പോലും അദ്ദേഹം തയ്യാറായില്ല എന്നത് പിൽക്കാലചരിത്രം. ഈ കല്പന സ്വന്തം ഭദ്രാസനത്തിലെ പള്ളികളിൽ വായിക്കുന്നതിന് വിലക്കേർപ്പെടുത്തി പാത്രിയർക്കീസിന്റെ സമാധാനശ്രമത്തെ പ്രതിരോധിച്ച ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ നീതിയും കോടതിവിധിയും ലംഘിച്ചത് ബദൽ കാതോലിക്കയായി വാഴിച്ച് താൻ പറഞ്ഞ കാര്യത്തിൽ സഭാഐക്യം അടഞ്ഞ അദ്ധ്യായമാക്കി മാറ്റുകയുമായിരുന്നു പരി. ബാവ ചെയ്തത്. വിഭജിത സമൂഹം സഭയല്ല എന്ന് പ്രഖ്യാപിച്ച വ്യക്തി തന്നെ സഭയുടെ വിഭജനപ്രക്രിയ പൂർത്തിയാക്കി. മലങ്കരസഭയിൽ നിയമവാഴ്ച അട്ടിമറിക്കപ്പെട്ടു. കൊള്ളയും കൊലയും അക്രമവും ഇടവകതോറും അരങ്ങേറി. കല്പന എഴുതിയ കാലത്തേക്കാൾ പതിന്മടങ്ങ് സഭാന്തരീക്ഷം മലിനവും പ്രക്ഷുബ്ധവുമായി. ക്രമിനലുകൾ വൈദീക, മേൽപ്പട്ടസ്ഥാനങ്ങളിൽ പോലും സ്ഥാനം പിടിച്ചു. സ്വയം ഒപ്പിട്ട കല്പനയ്ക്ക് കടകവിരുദ്ധമായി പ്രവർത്തിച്ച് സഭാകലഹത്തിന് തീവ്രത വർദ്ധിപ്പിക്കുകയായിരുന്നു. സഖാ പ്രഥമൻ ബാവാ അന്ന് കുഷ്ഠരോഗിയുടെ ഉടയാടയായാണ് പാത്രിയർക്കീസ് വിഭാഗത്തെ അറിഞ്ഞിരുന്നതെങ്കിൽ ഇന്ന് എന്തായാണ് അറിഞ്ഞിരിക്കുന്നതെന്ന് ചിന്തിക്കാവുന്നതാണ്.

പാത്രിയർക്കീസ് വിഭാഗത്തിന്റെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 1996 നവംബർ 6-ാം തീയതി പാത്രിയർക്കാ പ്രതിനിധികളായ മാർ ഗ്രീഗോറിയോസ് യോഹന്നാ, മാർ ഒസ്താത്തിയോസ് മാത്താറോഹോം എന്നിവരുടെ സാന്നിദ്ധ്യത്തിലും താല്പര്യത്തിലും കൂടി. 1995 ലെ സുപ്രീ കോടതി വിധിമാനിച്ച് 1975-ൽ പാത്രിയർക്കീസിൽ നിന്നും ഉണ്ടായ മുടക്ക് കാതോലീക്കോസ് വിഭാഗത്തിന്റെ മനസ്സിനെ വ്രണപ്പെടുത്താതെയും അന്തസ്സിനെ ചോദ്യം ചെയ്യാതെയും പിൻവലിച്ച് കാതോലിക്കേറ്റിനെ അംഗീകരിക്കുവാൻ പാത്രിയർക്കീസിനോട് അപേക്ഷിക്കുന്നതിന് തീരുമാനമുണ്ടായി. ശീമയിൽ നിന്നുള്ള മെത്രാപ്പോലീത്തമാർ പാത്രിയർക്കീസുമായി ടെലിഫോണിൽ സംസാരിച്ച് അംഗീകാരം നേടിയശേഷമാണ് ഈ തീരുമാനമെടുത്തത്. ഇത് പാത്രിയർക്കീസുബാവയെ രേഖാമൂലം അറിയിച്ചു. എന്നാൽ സഭാ ഐക്യത്തിനുള്ള ഈ സുപ്രധാന തീരുമാനം സാഖാ പ്രഥമൻ ബാവ നടപ്പാക്കിയില്ല. പാത്രിയർക്കീസിന്റെ പ്രതിനിധികളും മലങ്കരസഭയും ചേർന്ന് ഏകകണ്ഠമായി എടുത്ത തീരുമാനം നടപ്പിലാക്കി സഭയിൽ സമാധാനം സൃഷ്ടിക്കാത്തതിന്റെ ധാർമ്മികവും നൈതീകവുമായ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിയുവാൻ സഖാപ്രഥമൻ ബാവയ്ക്ക് കഴിയുമെന്ന് തോന്നുന്നില്ല.

സഭാ ഐക്യശ്രമം തകർത്തതിന്റെ പൂർണ്ണ ഉത്തരവാദിത്തം പാത്രിയർക്കീസ് വിഭാഗത്തിലെ ഐക്യവിരോധികളായ മെത്രാപ്പൊലീത്തന്മാരിൽ മാത്രമായി ഒരവസരത്തിൽ അദ്ദേഹം കെട്ടിവെയ്ക്കുന്നു. അവർക്ക് എഴുതിയ കല്പനയിൽ അവരുടെ നിയമവിരുദ്ധവും സഭയുടെ അടിസ്ഥാനതാല്പര്യങ്ങൾ നിരാകരിക്കുന്നതുമായ നിലപാടിനെ പാത്രിയർക്കീസ് ബാവ രൂക്ഷമായി വിമർശിക്കുന്നു. (കല്പന E 30/1999) "നിങ്ങൾ 1934 ലെ ഭരണഘടനപ്രകാരം ഭരണം നടത്തേണ്ടവരാണ്. മറുഭാഗം 1934 ലെ ഭരണഘടനയുടേയും സുപ്രീം കോടതിവിധിയുടെയും അടിസ്ഥാനത്തിൽ സമാധാനം ഉണ്ടാക്കുവാൻ സന്നദ്ധരായിരുന്നു. ആ സമയത്ത് നിങ്ങൾ സന്ധിസംഭാഷണങ്ങളിൽ നിന്ന് പിന്മാറി. നിങ്ങൾ സഭയുടെ ഭാവിയെക്കരുതിയല്ല പ്രവർത്തിക്കുന്നത്." ഇവിടെ സഭാസമാധാനപ്രക്രിയ അട്ടിമറിച്ചത് പാത്രിയർക്കീസിനെ

അനുകൂലിക്കുന്ന വിഭാഗത്തിന്റെ നേതൃത്വമാണെന്ന് പാത്രിയർക്കീസ് ബാവ സമ്മതിക്കുന്നു. സ്വന്തം കല്പനയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ച് സഭയിൽ ഭിന്നതയുണ്ടാക്കിയ അദ്ദേഹം ഇവിടെ അതിനു കാരണക്കാർ തന്റെ കൂടെ നിൽക്കുന്ന വിഭാഗത്തിലെ നേതാക്കൻമാർ മാത്രമാണെന്ന് ആരോപിക്കുന്നത് വിചിത്രമാണ്. അങ്ങനെയങ്കിൽ സഭാ സമാധാനത്തിന് തുരങ്കം വച്ചത് പാത്രിയർക്കീസും അദ്ദേഹത്തിന്റെ അനുകൂലികളും മാത്രമാണെന്ന് വ്യക്തം. പരി. പാത്രിയർക്കീവ് ബാവാ സ്വയം തിരുത്തുകയും അനുയായികളെക്കൊണ്ട് അവരുടെ തെറ്റ് തിരുത്തിക്കുകയും ചെയ്താൽ സമാധാനം യാഥാർത്ഥ്യമാകും. ഇതിനാവശ്യമായ നീതിബോധവും ഇച്ഛാശക്തിയും അദ്ദേഹത്തിന് ഇല്ലാതെ പോയി. ഇതെല്ലാം കഴിഞ്ഞ് അദ്ദേഹവും കൂടെയുള്ളവരും ഏകസ്വരത്തിൽ പറയുന്നതാണ് ഏറ്റവും വിചിത്രം. സഭാസമാധാനം തകർത്തത് ഐക്യവാദികളായ മെത്രാന്മാരും ഓർത്തഡോക്സ്കാരുമെന്ന്! ഈ പറയുന്നതിലെ വൈരുദ്ധ്യം ശ്രദ്ധിച്ചാൽ മാത്രം മതി വ്യക്തിയുടെ സ്വഭാവ സവിശേഷത മനസ്സിലാക്കുവാൻ.

രണ്ടു പ്രാവശ്യം ഞാനും ഐക്യശ്രമത്തിൽ പങ്കുചേർന്ന മറ്റു മെത്രാപ്പോലിത്തമാരും ഒരുമിച്ച് സഖാപ്രഥമൻ ബാവയെ സന്ദർശിച്ചു. "സഭാ ഐക്യത്തിനുവേണ്ടി ശ്രമിക്കുക. ഞാൻ നിങ്ങളുടെ കൂടെയുണ്ട്" എന്ന് പിൻതുണ വാഗ്ദാനം ചെയ്തും. പാത്രിയർക്കീസ് വിഭാഗത്തിലെ ഐക്യവിരോധികളെ വിമർശിച്ചുകൊണ്ടും ഞങ്ങളുടെ നിലപാടിനെ സാധൂകരിച്ചു കൊണ്ടുമുള്ള അദ്ദേഹത്തിന്റെ 1-7-1999 ലെ കല്പന വായിച്ചപ്പോൾ ഞങ്ങൾ ഏറെ സന്തോഷിച്ചു. ഞങ്ങളുടെ പിൻതുണ അറിയിച്ചുകൊണ്ട് പാത്രിയർക്കീസിന് സംയുക്തമായി ഞങ്ങൾ കത്തയച്ചു. എന്നാൽ അതിന്റെ മറുപടി ഇപ്രകാരമായിരുന്നു. "നിങ്ങളെ പാത്രിയർക്കീസ് വിഭാഗത്തിന്റെ എല്ലാ പള്ളികളിൽ നിന്നും നിരോധിച്ചിരിക്കുന്നു." ഒരു കല്പനയിൽ സമാധാന കാംക്ഷികളായ മെത്രാന്മാർക്ക് രക്തസാക്ഷി പരിവേഷം. ഉടൻ തന്നെ എഴുതിയ അടുത്ത കല്പനയിൽ അവർക്ക് ഭരണവിലക്ക് ഭീഷണി! പ. പിതാവിന്റെ പരസ്പരാനുയുക്തമല്ലാത്ത നടപടികളാണ് ഈ സഭയിലെ ആനുകാലിക പ്രശ്നങ്ങളുടെ ഏകകാരണം എന്നാണ് എന്റെ വിലയിരുത്തൽ.

ഏതായാലും പ: സഖാപ്രഥമൻ ബാവ അനുഗ്രഹിച്ച് ആശിർവദിച്ച് സഭാ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഞങ്ങളെ നിയോഗിച്ചതിൽ ഞാൻ ദൈവഹിതം ദർശിക്കുന്നു. സഭയുടെ ചരിത്ര മുഹൂർത്തത്തിൽ ഭിന്നിച്ചുനിന്ന വിഭാഗങ്ങളുടെ ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള പ്രേരണകിട്ടിയത് അദ്ദേഹത്തിൽ നിന്നാണ് എന്ന് നന്ദിപൂർവ്വം സ്മരിക്കുന്നു. എന്നാൽ അദ്ദേഹം അതിൽ നിന്ന് ചുവട് മാറ്റി. ക്രമിനലുകൾക്ക് ആധിപത്യമുള്ള സഭയ്ക്ക് രൂപം നൽകി. ആ കൂട്ടത്തിൽ കൂടേണ്ടിവന്നില്ലല്ലോ എന്നുള്ള സന്തോഷമാണിപ്പോൾ ഞങ്ങൾക്കുള്ളത്. അവരുടെ അക്രമങ്ങൾക്ക് വിധേയരാകേണ്ടി വരുമ്പോഴും ചാരിതാർത്ഥ്യമാണ് മനസ്സിലുള്ളത്. അക്രമം ചെയ്യുന്നതിനേക്കാൾ നല്ലത് അക്രമത്തിന് വിധേയമാകുന്നതുതന്നെ. ഇതിന് സാഹചര്യമൊരുക്കിയതാകട്ടെ സഖാപ്രഥമൻ ബാവയും. അനുഗ്രഹകരമായ യാത്രോമൊഴി ഞാനും ആശംസിക്കുന്നു: "ശ്രേഷ്ഠ മഹാപുരോഹിതാ സമാധാനത്തോടെ പോയാലും".


**SANTHULA TRUST HOSPITAL**

**Vadakara, Koothattukulam**

**Ph: 0485-2250745, 9447575091**



***A Clinical and Research Centre of Neuro - Behavioural Science***

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

ചരിത്രം

# 1876-ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും

വർഗീസ് ജോൺ, തോട്ടപ്പുഴ

ഓരോ ഭദ്രാസനത്തിലും ഉൾപ്പെടുന്ന പള്ളികളുടെ പട്ടിക സ്താത്തിക്കോനിൽ പറഞ്ഞിരുന്നു. അതനുസരിച്ച് കോനാട്ടു തിരുമേനിക്ക് (തുമ്പമൺ) ഇരുപത്തിയൊന്നും, കടവിൽ തിരുമേനിക്ക് (കോട്ടയം) ഇരുപതും, അമ്പാട്ട് തിരുമേനിക്ക് (അങ്കമാലി) ഇരുപതത്തിരണ്ടും, ചാത്തുരുത്തിൽ തിരുമേനിക്ക് (നിരണം) ഇരുപത്തിരണ്ടും, കരവട്ടു തിരുമേനിക്ക് (കൊച്ചി) ഇരുത്തിയൊന്നും, മുറിമറ്റത്തിൽ തിരുമേനിക്ക് (കണ്ടനാട്) ഇരുപത്തിയൊന്നും പള്ളികളുടെ ഭരണമാണ് ലഭിച്ചത്. ഈ മേൽപ്പട്ടക്കാരിൽ മൂന്നു പേർ കണ്ടനാട് ഭദ്രാസനത്തിൽ നിന്നും രണ്ടുപേർ അങ്കമാലി ഭദ്രാസനത്തിൽ നിന്നും ഒരാൾ കൊച്ചി ഭദ്രാസനത്തിൽ നിന്നുമുള്ളവരായിരുന്നു.

മലങ്കര മെത്രപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് തിരുമേനിക്കു കൊല്ലം, മാവേലിക്കര, തുടങ്ങിയ പള്ളികൾ അടങ്ങുന്ന ഭദ്രാസനം ഏൽപ്പിച്ചുകൊണ്ട് 1877 മെയ് അവസാനം ബോംബെയിൽ വച്ച് പാത്രിയാർക്കീസ് ബാവ കല്പന നല്കി. 1865 ഏപ്രിൽ 30 ഞായറാവ്ച ആമീദിൽ (ടർക്കിയിലെ ഡയർബക്കർ)വച്ച് പുലിക്കോട്ടിൽ തിരുമേനി മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടപ്പോൾ തന്നെ സ്താത്തിക്കാൻ ലഭിച്ചിരുന്നതുകൊണ്ടും. അദ്ദേഹം മലങ്കര മെത്രാപ്പോലീത്തയായിരുന്നതുകൊണ്ടുമാണ് കൽപ്പന മാത്രം കൊടുത്തത്. കൊല്ലം ഭദ്രാസനത്തിൽ 31 പള്ളികളാണ് ഉൾപ്പെട്ടിരുന്നത്. കോട്ടയം പഴയ സെമിനാരിയുട ചുമതലയും അദ്ദേഹത്തിനായിരുന്നു.

ആറു ഭദ്രാസനങ്ങളിൽ (കൊച്ചി ഒഴികെ) തിരുവിതാകൂർ സംസ്ഥാനത്തിലെ പള്ളികളാണ് ഉൾപ്പെടുത്തിയിരുന്നത്. തിരുവിതാംകൂറിലെ സുറിയാനിക്കാരുടെ സംഖ്യ 2,95,770 എന്നാണ് പാത്രിയാർക്കീസ് ബാവയ്ക്ക് ദിവാൻ നലകിയ കണക്ക്. കൊച്ചി ഭദ്രാസനത്തിൽ ബ്രിട്ടീഷ് സംസ്ഥാനത്തിലേയും (മലബാറും ബ്രിട്ടീഷ് കൊച്ചിയും) കൊച്ചി സംസ്ഥാനത്തിലെയും പള്ളികൾ ഉൾപ്പെടുത്തി. കൊച്ചിക്കോട്ട മാർ പത്രോസ്, ചാലശേരി, ചാലശേരി പുത്തൻ, തൊഴൂർ എന്നീ നാലു പള്ളികൾ ബ്രിട്ടീഷ് സംസ്ഥാനത്തിലായിരുന്നു.

ആർത്താറ്റ് പള്ളിയും അതിനു ചുറ്റും കൊച്ചി വരെയുള്ള പള്ളികളും ആണ് കൊച്ചി ഭദ്രാസന ത്തിൽ ഉൾപ്പെടുത്തിയതെന്ന് 1877 നീസാൻ 23-ലെ സ്താത്തിക്കോനിൽ ഏഴു ഭദ്രാസനങ്ങളെക്കുറിച്ചു വിവരിക്കുന്ന ഭാഗത്ത് പറയുന്നു. കടുങ്ങമംഗലം പള്ളിയിലുളഅള കൊച്ചിയുടെ പ്രഥമ ഭദ്രാസനധിപന്റെ കബറിൽ കൊച്ചി-ബ്രിട്ടീഷ് പള്ളികളുടെ ബ. ശെമഓൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരു നൂറ്റാണ്ടു മുമ്പ് (1909–1911) മലങ്കര സന്ദർശിച്ച മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയാർക്കീസ് ബാവാ ഏഴു ഭദ്രാസനങ്ങൾക്ക് മാർതോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴു പള്ളിയുടെ പേര് വിശേഷണമായി നൽകി. കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ 191 വൃശ്ചികമാസം 25-ാം തീയതി കോട്ടയത്തു സിമ്മനാരിയിൽ നിന്ന് പുറപ്പെടുവിച്ച 23-ാം നമ്പർ കല്പനയിൽ ഇങ്ങനെ കാണുന്നു. എന്നാൽ ഈ മലങ്കരയുള്ള ഏഴു മെത്രാസന ഇടവകകൾക്കു വി. മാർത്തോമ്മാ ശ്ലീഹാ സ്ഥാച്ചിട്ടുള്ള ഏഴു പള്ളികളുടെ നാമങ്ങൾ കൊടുക്കുന്നതു ഈ മലങ്കര സഭ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടുയെന്നുള്ള ഓർമ്മയ്ക്കു എത്രയും ആവശ്യമാണെന്നു വി.പിതാവു തന്റെ യാത്രയ്ക്കു മുമ്പായി കല്പിക്കുകയും കോട്ടയം ഇടവകയ്ക്കു കൊടുങ്ങല്ലൂർ ഇടവകയെന്നും, കണ്ടനാടു ഇടവകക്കു കോക്കമങ്ങലം ഇടവകയെന്നും തുമ്പമൺ ഇടവകക്കു ചായൽ ഇടവകയെന്നും അങ്കമാലി ഇടവകക്കു കോട്ടക്കാവ് ഇടവകയെന്നും, കൊച്ചി ബ്രട്ടീഷ് ഇടവകക്കു പാലൂർ ഇടവകയെന്നും പേർ വിളിക്കുകയും നിരണം ഇടവകക്കും കൊല്ലം ഇടവകക്കും പേർ മാറ്റം ആവശ്യമില്ലാതത്തുകൊണ്ടു ആ പേരുകൾ തന്നെ സ്ഥിരപ്പെടുത്തുകയും ഭൂമിശാസ്ത്രപരമായിനോക്കുമ്പോൾ അഞ്ചു ഭദ്രാസനങ്ങൾക്കു നല്കിയ പേരുകൾ ഉചിതമായി തോന്നാം. കണ്ടനാട് കോക്കമങ്ങലം, അത്ര ഉചിതമായി തോന്നുന്നില്ല. എന്നാൽ കോട്ടയം-കൊടുങ്ങല്ലൂർ വളരെ വിചിത്രമായി തോന്നുന്നു.

ആലുവ സെമിനാരിയിൽ നിന്നും 1911 കന്നി 29-ന് മാർ ഇഗ്നാത്തിയോസ് അബ്ദുള്ള പാത്രിയർക്കീസ് ബാവ അയച്ച 139-ാം നമ്പർ കൽപന പാലൂർ മെത്രാസന ഇടവകയെന്നു പേർ കൊടുത്തിരിക്കുന്ന ആർത്താറ്റു മുളന്തുരുത്തി മുതലായ പള്ളികൾ ഉൾപ്പെട്ടിരിക്കുന്ന,. കൊച്ചി-ബ്രിട്ടീഷ് മെത്രാസന ഇടവകക്കാരായ ..... എന്നാണ് ആരംഭിക്കുന്നത്. ഈ ഭദ്രാസനത്തിന്റെ ചുമതല കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനിയോസ് മെത്രാപ്പോലീത്തായെ (ആലുവായിലെ വലിയ തിരുമേനി) ഏൽപിച്ച വിവരം ഭദ്രാസനത്തിലെ പള്ളികളെ അറിയിക്കുന്ന കല്പനയാണിത്.

അങ്കമാലി ഭദ്രാസനത്തിൽ വടക്കൻ പറവൂർ പള്ളിക്ക് അങ്കമാലി പള്ളിയോട് തുല്യമായ സ്ഥാനം തന്നെ നൽകിയിരുന്നതായി സൂചനയുണ്ട്. അങ്കമാലി മർത്തമറിയം പള്ളിയും, വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളിയും അവയ്ക്കു ചുറ്റുമുളഅള പള്ളികളും ആണ് ഈ ഭദ്രാസനത്തിൽ ഉൾപ്പെടുത്തിയതെന്ന് അമ്പാട്ടു തിരുമേനിക്ക് നൽകിയ സ്താത്തി

കൊച്ചി ഭദ്രാസനത്തിലെ കൊച്ചിക്കോട്ട മാർ പത്രോസ്, ചാലശേരി, ചാലശേരി പുത്തൻ,. തൊഴൂർ എന്നീ നാലു പള്ളികൾ ബ്രിട്ടീഷ് സംസ്ഥാനത്തിലേതും (മലബാറും കൊച്ചിയും) ശേഷിച്ച 17 പള്ളികൽ കൊച്ചി സംസ്ഥാനത്തിലേതുമായിരുന്നു.

തുമ്പമൺ ഭദ്രാസനത്തിലേ റാന്നി, കോട്ടയതം ഭദ്രാസനത്തിലെ കോട്ടയം വലിയ, പുതുശ്ശേരി, വെളിയനാട്, നീലംപേരൂർ, നിരണം ഭദ്രാസനത്തിലെ രാമമംഗലം കൊല്ലം (പിന്നീട് തുമ്പമൺ) ഭദ്രാസനത്തിലെ കല്ലിശേരി എന്നീ എട്ടു പള്ളികൾ തക്കുംഭാഗ (ക്നാനായ) പള്ളികൾ ആണ്. ഈ പള്ളികളും പിൽക്കാലത്ത് (1876-1910 കാലത്ത്) സ്ഥാപിക്കപ്പെട്ട ആറു പള്ളികളും ചേർത്താണ് 1910-ൽ ക്നാനായ ഭദ്രാസനം രൂപീകരിച്ചത്.

ഇപ്പോൾ മലബാർ സ്വതന്ത്ര സുറിയാനി (തൊഴിയൂർ) സഭയുടെ കൈവശത്തിലുള്ള തൊഴൂർ, ചാലശേരി, പോർക്കളത്തു, കുന്നത്ത് പുത്തൻ എന്നീ പള്ളികൾ കൊച്ചി ഭദ്രാസനത്തിൽ ഉൾപ്പെടുത്തി കാണുന്നു. മലങ്കര- തൊഴിയൂർ സഭാ ഭിന്നിപ്പ് പാത്രീയർക്കീസ് ബാവ അംഗീകരിക്കാതിരുന്നതു കൊണ്ടാകാം ഇങ്ങനെ കാണുന്നത്.

നവീകരണ കക്ഷി (മാർതോമ്മാ സഭ) യുടെ ആവിർഭാവത്തോടെ തെക്കൻ ഭദ്രാസനങ്ങളിലെ ചില പള്ളികൾ അവരുടെ കൈവശത്തിലായി. ഉദാ. മാരാമൺ, കോഴഞ്ചേരി, കുറത്തിയാട്, കവിയൂർ, ചെറുകോൽ.

മണ്ണംതോട്ടുവഴി (നിരണം ഭദ്രാസനം), പുറ്റുമാനൂർ, (കണ്ടനാട് ഭദ്രാസനം) എന്നീ പള്ളികൾ ഇപ്പോൾ നിലിവിലുണ്ടോ എന്നു സംശയിക്കുന്നു. മണ്ണംതോട്ടുവഴി നിരണത്തിന് വളരെ അടുത്തുള്ള സ്ഥലമാണ്. പുറ്റുമാനൂർ പുത്തൻകുരിശ് ആണെന്നറിയുന്നു. ചില സ്ഥലപ്പേരുകൾക്ക് ചെറിയ മാറ്റം വന്നിട്ടുണ്ട്. ചെറായി (ശ്രായി), തൊഴിയൂർ (തൊഴൂർ) കോട്ടയം ചെറിയ പള്ളിയാണ് കോട്ടയം മാർത്തമറിയം പള്ളി. പരുമല എന്നു കാണുന്നത് പരുമല സെമിനാരിയാണ്. കോട്ടയം ചാപ്പൽ, കോട്ടയം കുരിശു പള്ളിയാണെന്നു കരുതുന്നു.

ക്കോനിൽ (1877 നീസാൻ 23) ഒരു ഭാഗത്തു പറയുന്നു. 1910 ജൂൺ ഒമ്പതിന് (ഇടവം 27) മേൽപ്പട്ടസ്താനമേറ്റ കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് (ആലുവായിലെ വലിയ തിരുമേനി) മാർ ഇഗ്നാത്തയോസ് അബ്ദുള്ള പാത്രിയാർക്കീസ് ബാവ നല്കിയ സ്താത്തിക്കോൻ (1911 ഒക്ടോബർ 5/ ഈലൂൽ 22) കൊട്ടക്കാവ് അതായത്, അങ്കമാലി മെത്രാസനത്തിലുള്ള ........ എന്നാണ് ആരംഭിക്കുന്നത്. ഈ ഭദ്രാസനത്തിലുൾപ്പെട്ട 35 പള്ളികളുടെ പട്ടികയും സ്താത്തിക്കോനിൽ തുടർന്നു പറയുന്നുണ്ട്. ഇതിൽ 187-ലെ 22 പള്ളികളും ഉൾപ്പെടുന്നു.

മാമ്മലശേരി പള്ളിയിൽവച്ച് 1878 ജൂൺ 16 (1053 മിഥുനം 4) പെന്തിക്കോസ്തി ഞായറാഴ്ച പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ സ്താത്തിക്കോൻ വായിക്കുകയും അദ്ദേഹത്തിന്റെ സുന്ത്രോണീസോ നടത്തുകയും ചെയ്തു. മറ്റ് എട്ട് പള്ളിക്കാരും ഇതിൽ സംബന്ധിച്ചിരുന്നു. 1912 സെപ്റ്റംബർ 15-ന് മലങ്കരയിലെ പ്രഥമ കതോലിക്കായായത് ഇദ്ദേഹമാണ്. പ. പത്രോസ് മൂന്നാമൻ ബാവ വാഴിച്ച ആറു മേൽപ്പട്ടക്കാരിൽ മറ്റാർക്കും സുന്ത്രോണീസോ നടത്തിയതായി രേഖയില്ല. ഇവരിൽ ഏറ്റവും അവസാനം കാലം ചെയ്തതും (1913 മെയ് 2 - പാമ്പാക്കുട ചെറിയപള്ളി) ഇദ്ദേഹം തന്നെ.

**ഓരോ ഭദ്രാസനത്തിലും ഉൾപ്പെട്ട പള്ളികൾ**

തുമ്പമൺ: തുമ്പമൺ മർത്തമറിയം, ഓമല്ലൂർ, കൈപ്പട്ടൂർ, ചന്ദനപ്പിള്ളി, മാക്കാംകുന്ന്, കുറത്തിയാട്, റാന്നി, വൈക്കം, അയിരൂർ, കോഴഞ്ചേരി, കാട്ടൂർ, മാരാമൺ, നെല്ലിക്കൽ, ഇലന്തൂർ, ഉമയാറ്റുകര, കിഴവള്ളൂർ, പരിയാതം, അറത്തി, മാന്തുക, പൂന്തല, മെഴുവേലി.

കോട്ടയം: കോട്ടയം, മർത്തമറിയം , കോട്ടയം, വലിയ, കോട്ടയം പുത്തൻ, കോട്ടയം, ചാപ്പൽ, ചെങ്ങളം, പുതുപ്പള്ളി, വാകത്താനം, പുതുശ്ശേരി, വാകത്താനം പുത്തൻ, പള്ളം, പള്ളം പുത്തൻ, കുറിച്ചി, വെളിയനാട്, കല്ലുങ്കത്ര, കുമരകം, മണർകാട്, പാമ്പാടി, നാലുന്നാക്കൽ തോട്ടയ്ക്കാട്, നീലംപേരൂർ.

അങ്കമാലി: അങ്കമാലി മർത്തമറിയം, വടക്കൻ പറവൂർ മാർത്തൊമ്മൻ, അകപ്പറമ്പ്, കുറുപ്പംപടി, കോതമംഗലം ചെറിയ, പള്ളിക്കര, കോതമംഗലം വലിയ,കുന്നക്കുരുടി, തുരുത്തിപ്പള്ളി, റക്കാട്ട്, മഞ്ഞപ്ര, പീച്ചാനിക്കാട്, കോട്ടപ്പടി, വെങ്ങോല, മഴുവന്നൂർ, കാരക്കുന്നെം, പോത്താനിക്കാട്, ചേലാട്, വേങ്ങൂർ, കടായി, അല്ലപ്ര, മാറാട്ടി.

നിരണം: നിരണം മർത്തമറിയം, ചെറുകോൽ, വീയപുരം, തലടി, വേങ്ങ, എടത്വ, തിരുവല്ല, കട്ടപ്പുറത്ത്, തിരുവല്ല കാവിൽ, കല്ലപ്പാറ, മല്ലപ്പള്ളി, തുരുത്തിക്കാട്, കാർത്തികപ്പള്ളി, ചെന്നിത്തല, പരുമല, മണ്ണംതോട്ടുവഴി, തലവടിക്കുഴി, മേപ്രാൽ, കാരയ്ക്കൽ, വെണ്ണിക്കുളം, കവിയൂർ,തകരുവാറ്റ.

കൊച്ചി: കൊച്ചിക്കോട്ട, മാർ പത്രോസ്, മട്ടാഞ്ചേരി എരിമീശെ, നടമേൽ, കരിങ്ങാശ്ര, മുളന്തുരുത്തി, മാന്തുരുത്ത്, വടയാപ്പറമ്പ്, ആർത്താറ്റ്, കുന്നുകുളങ്ങര, കുന്നംകുളങ്ങര പുത്തൻ, കുന്നംകുളങ്ങര തെക്കേ, ചെറളയത്ത്, പഴഞ്ഞി, കുന്നത്ത് പുത്തൻ, പോർക്കളത്ത്, ചാലശേറി, ചാലശേരി പുത്തൻ, ചേലക്കര, തൊഴൂർ, ശ്രായി, ശ്രായി പുത്തൻ.

കണ്ടനാട്: കണ്ടനാട് മർത്തമറിയം, തെക്കൻപറവൂർ, ചെമ്പിൽ, കുറുഞ്ഞി, പുറ്റുമാനൂർ, കണ്യാട്ടുനിറപ്പ്, നെച്ചൂർ, മാമലശേരി,വം, ഓണക്കൂർ, കോലഞ്ചേരി, കോട്ടൂർ, പമ്പാക്കൂട,രാമമംഗലം, മുളക്കുളം, മണ്ണത്തൂർ, വടകര, കുഴിക്കാട്ടുകുന്ന്, പുതുവേലി, പാലക്കുഴ, കടമറ്റം.

കൊല്ലം: കൊല്ലം മാവേലിക്കര, മാവേലിക്കര പുത്തൻ, ചേപ്പാട്, പള്ളിപ്പാട്, കാരിച്ചച്ചാല്, ചെങ്ങന്നൂർ, കല്ലിശ്ശേരി. പുത്തൻകവ്, വെൺമണി, കായംകുളം, കാറ്റാനം, പത്തിശ്ര, കടമ്പനാട്, തഴവാ, പുത്തൂർ, എനാത്ത്, കല്ലട, തേവലക്കര, കൊട്ടാരക്കര, തെരുവിൽ, ഓടാനവട്ടത്തു, പെരുമ്മങ്ങല്ലൂർ, വാളകം, തലൂർ, കുണ്ടറ, കുണ്ടറ പുത്തൻ, പൂയപ്പള്ളി, ചെങ്കുളം, ചാത്തന്നുർ, തിരുവിതാംകോട്.

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015
Date of Publication 15-4-2014, Price Rs. 10/-
DIOCESAN BULLETIN
Licence No. KL/CR/ALU/WPP-02/2013-15
Licensed to Post Without Pre-payment

## ധ്യാനയോഗം നടന്നു

കണ്ടനാട് (E) ഭദ്രാസന മർത്തമറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിനധ്യാന യോഗം 2014 മാർച്ച് 4–ാം തീയതി ബുധനാഴ്ച ഭദ്രാസന ആസ്ഥാന ദേവാലയമായ മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വച്ചു നടന്നു. പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു. വനിതാ സമാജം ട്രഷറർ അന്നമ്മ കുര്യാക്കോസ് സ്വാഗതം ആശംസിച്ചു. അഭി. തിരുമേനിയുടെ അധ്യക്ഷ പ്രസംഗം ഫിലിപ്യർ 2:6–8 വരെ വാക്യങ്ങൾ ആസ്പദി ച്ചായിരുന്നു. ഫാ. ഗീവർഗ്ഗീസ് വള്ളിക്കാട്ടൽ വിതക്കാരന്റെ ഉപമ അവതരിപ്പിച്ചുകൊണ്ട് ധ്യാനപ്രസംഗം നിർവഹിച്ചു. സമാജം വൈസ്പ്രസിഡന്റ് ഫാ. മേരിദാസ് സ്റ്റീഫൻ കൃതജ്ഞത പറഞ്ഞു. സെക്രട്ടറിമാരായ റീന ജോയ്, മിനു മറിയം വർഗീസ് എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

## അപേക്ഷ ക്ഷണിക്കുന്നു

മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ സെറാംപൂർസർവ്വകലാശാലയുടെ ദൈവശാ സ്ത്രപഠന പദ്ധതികളിൽ ഒന്നായ ബാച്ചിലർ ഓഫ് മിഷ്യോളജി (B.MISS) ബിരുദ കോഴ്സ് ആരംഭിക്കാനുള്ള അഫിലിയേഷൻ ലഭിച്ചു.

2014 ജൂൺ 2 ന് ആരംഭിക്കുന്ന മൂന്നു വർഷത്തെ ബാച്ചിലർ ഓഫ് മിഷ്യോളജി ബിരുദ കോഴ്സ് പ്രവേശ നത്തിന് പതിനെട്ടു വയസ്സ് പൂർത്തിയായവരും +2 പാസ്സാ യവരുമായ സഭാംഗങ്ങളായ സ്ത്രീപുരുഷന്മാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫോറത്തിന് 20 രൂപാ സഹിതം പ്രിൻസിപ്പാൾ സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്റർ, മാവേലിക്കര–690103 എന്ന വിലാസ ത്തിൽ ബന്ധപ്പെടുക. ഫോൺ: 0479–2302473, 2342709, e-mail: stpaulsmtc@yahoo.com. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2014 മെയ് 15. ഇന്റർവ്യൂ 2014 മെയ് 22. ക്ലാസ്സ് ആരംഭിക്കുന്ന തീയതി 2014 ജൂൺ 2.

## അറിയിപ്പ്


രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹു ഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | | |
|---|---|---|
| 1 വർഷത്തേക്ക് | – | 100 രൂ. |
| ആയുഷ്ക്കാലം | – | 1000 രൂ. |
| വിദേശത്ത് | – | 4000 രൂ. (100 ഡോളർ) |

## ക്യാമ്പ് ഉദ്ഘാടനം ചെയ്തു

കൂത്താട്ടുകുളം : പഠനത്തിൽ പിന്നാക്കം നൽക്കുന്ന കുട്ടി കളിലെ പഠന വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും മനഃ ശാസ്ത്രപരമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതി നുമായി വർഷം തോറും വടകരയിലെ സന്തുലാ ട്രസ്റ്റ് ആശുപത്രിയിൽ വിദ്യാർത്ഥി ക്യാമ്പ് നടത്താറുണ്ട്. ഈ വർഷത്തെ പ്രസ്തുത ക്യാമ്പ് ഏപ്രിൽ 1–ന് ആരംഭിച്ചു. 5 ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പിന്റെ ഔപചാരിക ഉത്ഘാടനം കോതമംഗലം ഡിസ്ട്രിക്ട് എഡ്യൂക്കേഷ ണൽ ഓഫീസർ പി.എസ്. ശ്രീലത നിർവ്വഹിച്ചു. ഉദ്ഘാ ടനം സമ്മേളനത്തിൽ സന്തുലാ ഹോസ്പിറ്റൽ ഡയറ ക്ടരും മുഖ്യ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ് ആധ്യക്ഷം വഹിച്ചു. ചീഫ് എഡ്യു ക്കേഷണൽ തെറാപ്പിസ്റ്റ് ശാലിനി ജൂലി മാത്യു സ്വാഗത മാശംസിച്ചു. സന്തുലാ ട്രസ്റ്റ് ട്രഷറർ പി.ജെ. വർഗ്ഗീസ് ആശംസകൾ നേർന്നു. ക്യാമ്പ് അംഗങ്ങളായ വിദ്യാർത്ഥി കളും അവരുടെ രക്ഷാകർത്താക്കളും ഉദ്ഘാടനസമ്മേള നത്തിൽ പങ്കെടുത്തു. ശാലിനി ജൂലി മാത്യുവിന്റെ നേതൃ ത്വത്തിലുള്ള സംഘമാണ് വൈകല്യനിർണ്ണയ പരിശോ ധനകൾ നടത്തുന്നതും ക്ലാസ്സുകൾ കൈകാര്യം ചെയ്യു ന്നതും. ക്യാമ്പിനൊടുവിൽ കുട്ടികളുടെ പഠനസംബന്ധ മായ വിവരങ്ങളും അവരെ കൈകാര്യം ചെയ്യേണ്ട രീതി കളുമെല്ലാം മാതാപിതാക്കളെ ധരിപ്പിക്കും.



Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha